Schedule I

The question that schedule No. I stand part of the Bill was put and carried.

Schedule I was added to the Bill.

Schedule II

Sri. N. Kunjuraman: I move: "In schedule II, add the following entries:

"1950 IV. The Travancore Prohibition (Temporary Amendment) Ordinance do."

ഇതിനശേഷം ഒരു ടെമ്പററി അമെൻഡ്മെന്റ് ഉണ്ടായിട്ടുണ്ട്. തിരുതനന്തപുരം എക്സൈസിലെ പ്രൊഹിബിഷനുള്ള വസ്തുതിനശേഷം, Special exemption for storage of ganja, etc. ഇതിനശേഷം ഒരു അമെൻഡ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. അതും ഇതോടുകൂടി റിപ്പീൽ ചെയ്യുന്നതാണ്.

Sri. A. J. John: I second the amendment.

The Amendment was put and carried.

The question that Schedule No. II as amended, stand part of the Bill was put and carried.

Schedule No. II was added to the Bill.

The question that the preamble of the Bill, as amended, stand part of the Bill was put and carried.

The preamble, as amended, was added to the Bill.

The question that the title of the Bill, as amended, stand part of the Bill was put and carried.

The title was added to the Bill.

Sri. N. Kunjuraman: I move that the Bill as amended be passed.

Sri. A. J. John: I second the motion.

The motion was put and carried.

The Bill was passed.

Mr. Speaker: The next Bill, namely, the Prisons Bill, has been considered up to clause 29. We have to begin with clause 30. I think it is better that we rise now. The House will now adjourn and meet again at 2 p.m.

The House rose for lunch at 12-45 p.m. and reassembled at 2 p.m. with Mr. Speaker in the Chair.

The Hindu Religious Institutions Bill

Mr. Speaker: The first amendment is that of Mr. Mannar Gopalan Nayar to delete Clause 1.

Sri. K. Sivarama Pillai: There is a previous motion standing in the name of Mr. Sree V. Das for recommittal of the Bill.

Mr. Speaker: Yes, Mr. Sree V. Das.

Sri. T. K. Narayana Pillai: Sir, I raise a preliminary point: The motion of Mr. Das for recommittal is out of order as it contravenes the provisions of Standing Order No. 37, which says,

"After the presentation of the final report of a Select Committee on a Bill, the member in charge may move—

(a) that the Bill as reported by the Select Committee be taken into consideration: Provided that any member of the Assembly may object to its being so taken into consideration.....or

(b) that the Bill as reported by the Select Committee be recommitted, etc.".

Sir, I presented the Report of the Select Committee and also made a motion that the Bill as reported by the Select Committee be taken into consideration. That motion was carried yesterday and the further consideration of the Select Committee Report was adjourned to today, and the amendments are before the House. So that if a motion for recommittal was to be moved it ought to have been moved yesterday when the Select Committee Report was presented for consideration. But that amendment was not moved yesterday, and so this motion according to the provisions of Standing Order 27 is out of order.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai : If I remember aright, the motion when he presented the Report of the Select Committee was that since there was no time he said that it may be taken up for consideration on some future date. So that when it is taken into consideration this motion is in order.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ബില്ലിനെപ്പറ്റി നിരൂപണം ചെയ്യുമ്പോൾ അഹിന്ദുക്കൾക്കുകൂടി ഇതിന്റെ വാദപ്രതിവാദത്തിലും വോട്ടിംഗിലും പങ്കെടുക്കാമോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: ഒരു ബില്ല് നിയമസഭയിൽ വാദപ്രതിവാദത്തിനു വരുമ്പോൾ നിയമസഭയിലെ എല്ലാ അംഗങ്ങൾക്കും അതിൽ പങ്കെടുക്കാവുന്നതാണ്.

The position is this : After the Select Committee Report was presented, it was moved that the Bill be taken into consideration. When a motion is made after the submission of the Select Committee Report that the Bill be taken into consideration, then that is before that motion is carried an amendment may be moved that the Bill be referred to the Select Committee again. That is the Rule. But when the motion to take into consideration—either at once or at a future date does not make any difference—is put and carried, the only course open to the House is to discuss the Bill Clause by Clause. Before that motion is carried, any member may move that the Bill be recommitted. This is what Standing Order No. 37 (2) says :

"If the member in charge moves that the Bill be taken into consideration, any member may move as an amendment that the Bill be recommitted."

Since the motion that it be taken into consideration has been carried, the present motion for recommittal is out of order.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ മലയാളതർജ്ജിമ ഇന്നു രാവിലെ 11 മണിക്കു മാത്രമാണ് എനിക്ക് കിട്ടിയതു്. അതിനുശേഷം അതു വായിച്ചു് പഠിച്ചു് ആവശ്യമുള്ള ഭേദഗതികൾ തയ്യാറാക്കുന്നതിനു് എനിക്ക് സൗകര്യം കിട്ടിയിട്ടില്ല. സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ മലയാളപരിഭാഷ കിട്ടുകയെന്നുള്ളതു് എന്റെ ഒരു അവകാശമാണെന്നു് ഞാൻ കരുതുന്നു. ഹിന്ദുമതത്തെക്കൂടി ബന്ധിക്കുന്നതായ എറ്റവും ഗൗരവാവഹമായ ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെന്താണെന്നു് മനസ്സിലാക്കി ആവശ്യമായ ഭേദഗതികളെയ്യുന്നതും, അഭിപ്രായം പറയുന്നതും, വോട്ടുചെയ്യുന്നതും ഹിന്ദു എന്ന നിലയിൽ എനിക്ക് പ്രത്യേകമായ അവകാശമുണ്ടു്, അഗ്രഹവുമുണ്ടു്. എന്നാൽ ആ അവകാശത്തെ തടസ്സപ്പെടുത്തികൊണ്ടാണു് ഇവിടത്തെ നടപടികൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു്. അതു് തെളിയിക്കുന്നതിനു് മറെറാരു കാര്യംകൂടി പറയാം. ഇതുവരെ മലയാളത്തിൽ മാത്രം പ്രസംഗിക്കാൻ സാമർത്ഥ്യവും താല്പര്യവും പ്രദർശിപ്പിച്ചുപോന്ന ബഹു. ചീഫ് മിനിസ്റ്റർപോലും ഈ ബില്ലിന്റെ കാര്യം വന്നപ്പോൾ ഇംഗ്ലീഷിലാണ് പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നതു്. ബഹു. സ്പീക്കർപോലും ഭയവായി മലയാളത്തിൽ പറയാത്തതുകൊണ്ടു് കാര്യങ്ങൾ മനസ്സിലാക്കി വോട്ടുചെയ്യുവാൻതന്നേയും നിവ്വാഹമില്ലാതെ വന്നിരിക്കയാണു്. ഹിന്ദുമതത്തേയും, ഹിന്ദുസമുദായത്തേയും, ഒരു ഹിന്ദുവെന്ന നിലയിൽ എന്നേയും സാരമായി സ്പർശിക്കുന്ന ഈ ബില്ലിന്റെ കാര്യത്തിലെങ്കിലും ബഹു. സ്പീക്കർ ഭയവായി എന്റെ അവകാശങ്ങൾ അനുവദിച്ചു കിട്ടുന്നതിനു് ബാധകമാകാത്തവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്ത നടപടികൾ മുമ്പോട്ടു കൊണ്ടുപോകണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഇതു സംബന്ധമായി ഒരു വിശദീകരണം നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, സെലക്ട് കമ്മിറ്റി വരുത്തിയ ഭേദഗതികൾ മലയാളഭാഷയിൽ തർജ്ജിമചെയ്തു ഇന്നലെ രാത്രിതന്നെ ഇംഗ്ലീഷു നിശ്ചയമില്ലാത്ത അംഗങ്ങൾക്കു് എത്തിച്ചു കൊടുത്തിട്ടുണ്ടു്. അതിനു വളരെ മുമ്പുതന്നെ ബില്ലിന്റെ മലയാളപരിഭാഷയും പരസ്യം ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഇന്നു് രാവിലെ മാത്രമാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ തർജ്ജിമ കിട്ടിയിട്ടുള്ളതു് എന്നു പറഞ്ഞതുതന്നെ ശരിയല്ല. മറെറാരു കാര്യംകൂടി വിശദമാക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി ബഹു. മെമ്പർ പുറപ്പെടുവിച്ച ആക്ഷേപത്തെ ഞാൻ നിഷേധിക്കുന്നു. ചീഫ് മിനിസ്റ്റർ മുമ്പു് മലയാളത്തിലാണു് സംസാരിച്ചു വന്നിരുന്നതെങ്കിൽ ഇനിയും മലയാളത്തിൽതന്നെയാണു് സംസാരിക്കാൻ ഉദ്ദേശിക്കുന്നതു്. അതു് മാറണമെന്നു് ഞാൻ ഇതുവരെ ആഗ്രഹിച്ചിട്ടുമില്ല എന്നു് ബഹു. മെമ്പറെ അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മന്നത്തു പത്മനാഭൻ: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ തജ്ജിമ ഇന്നു രാവിലെ ന മണിക്കു കൈപ്പറ്റിയെന്നുള്ളതിനു ഞാൻ മണിവച്ചു രസീതി എഴുതികൊടുത്തിട്ടുണ്ടു്. അതുകൊണ്ടു ഞാൻ കളവുപറയുകയാണോ ചെയ്തതെന്നു് അങ്ങുതന്നെ തീരുമാനിക്കുന്നതു നന്നായിരിക്കും.

മി. സ്പീക്കർ: മെമ്പർ കളവു പറഞ്ഞുവെന്നു ആരും പറഞ്ഞില്ല. ചീഫ് മിനിസ്റ്റർ പറഞ്ഞതും ബഹു. മെമ്പർ പറഞ്ഞതും സത്യമാണെന്നതന്നെ ഞാൻ വിചാരിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: പരസ്പരവിരുദ്ധമായ ഈ രണ്ടു കാര്യങ്ങളും ഒരേ സമയത്തു സത്യമാകുന്നതെങ്ങനെ?

മി. സ്പീക്കർ: രണ്ടുപേർ പറഞ്ഞതും സത്യമാണെന്നു ഞാൻ കരുതുന്നു. രാത്രിയിൽ തന്നെ കിട്ടാനായിട്ടു അയച്ചുകൊടുത്തതു പല കാരണങ്ങളാലും രാവിലെ മാത്രം കിട്ടിയൊള്ളു എന്നു വരാം. അതിൽ പരസ്പരവൈരുദ്ധ്യം ഒന്നും അന്തർഭവിക്കുന്നില്ല. ഈ ബില്ലിന്റെ ഗൗരവത്തേയും വ്യാപ്തിയേയും പരിഗണിച്ചും, ഇംഗ്ലീഷു് പരിജ്ഞാനമില്ലാത്ത ആളുകൾക്കും ഇതിൽ കാര്യമായി പങ്കെടുക്കേണ്ടതു വളരെ അത്യാവശ്യമാണെന്നുള്ള വസ്തുതയെ മുൻനിറുത്തിയും ബില്ലിന്റേയും സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റേയും തജ്ജിമകൾ നേരത്തെ തയ്യാറാക്കി കൊടുക്കേണ്ടതായിരുന്നു എന്നുള്ളതിൽ എതിരഭിപ്രായമില്ല. എന്നാൽ ഈ ബില്ല ഇന്നലെ പരിശോധനക്കു വന്നപ്പോൾ ഈ സംഗതിതന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തജ്ജിമ സമയത്തു കൊടുക്കാൻ സാധിച്ചിട്ടില്ലായെന്നുള്ള കാരണത്താൽ രണ്ടാം വായന ഇന്നത്തേക്കു മാറ്റിവയ്ക്കുകയും ഇംഗ്ലീഷു് വശമില്ലാത്ത അംഗങ്ങൾക്കു് പരിഭാഷ കഴിയുന്നതും വേഗത്തിൽ എത്തിച്ചുകൊടുക്കുന്നതിനു് ഉടൻതന്നെ ഏർപ്പാടു ചെയ്കയും ചെയ്തിട്ടുള്ളതാണു്. ഇങ്ങനെ സഭയുടെ പൊതുവേയുള്ള സമ്മതത്തോടുകൂടിയാണു് ബില്ലിന്റെ പരിശോധന ഇന്നത്തേക്കു മാറ്റി വച്ചതെങ്കിൽ ഇന്നലെ ഉന്നയിച്ച കാരണങ്ങൾതന്നെ അടിസ്ഥാനമാക്കി ഇന്നും ആക്ഷേപം പുറപ്പെടുവിക്കുന്നതു ശരിതന്നെയോ എന്നു് സംശയമാണു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ തജ്ജിമ ചീഫ് മിനിസ്റ്റർ പ്രസ്താവിച്ചതുപോലെ ഇന്നലെ രാത്രിയിൽതന്നെയാണു് മെമ്പറന്മാർക്കു് എത്തിച്ചുകൊടുത്തിട്ടുള്ളതെന്നും കാണുന്നു. ഈ കാര്യങ്ങൾ എല്ലാം അടിസ്ഥാനമാക്കിയും ഈ ബില്ലിന്റെ പ്രാധാന്യത്തേയും ഇതു് എത്രയും വേഗത്തിൽ പാസ്സാക്കുകയോ നിരാകരിക്കുകയോ ചെയ്യേണ്ടതാണെന്നുള്ള വസ്തുതയേയും പരിഗണിച്ചും ഈ ബില്ലിന്റെ പരിശോധന ഇപ്പോൾതന്നെ നടത്തുന്നതാണെന്നു തീരുമാനിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: അങ്ങനെ അങ്ങു തീരുമാനിക്കയാണെങ്കിൽ ഭേദഗതികൾ ഹാജരാക്കുന്നതിനു് എനിക്കു രണ്ടുദിവസത്തെ അവധികൂടി അനുവദിക്കാൻ ദയവുണ്ടാകണം.

മി. സ്പീക്കർ: ആകെം അവധി അനുവദിക്കാൻ നിവൃത്തിയില്ല. എന്നാൽ ഹാജരാക്കീട്ടുള്ള അമെണ്ടുമെൻറുകളുമായി ബന്ധപ്പെട്ട വകുപ്പുകൾ ചർച്ചയ്ക്കു എടുക്കുന്ന അവസരങ്ങളിൽ അമെണ്ടുമെൻറുകൾ കൂടി പരിഗണനയിൽ എടുക്കണമെന്നു ആവശ്യപ്പെടുന്നതായാൽ താമസംകൊണ്ടുള്ള ന്യൂനത അതിനു പ്രതിബന്ധമായി വരാതിരിക്കാൻ കഴിവുള്ളതു് ചെയ്യാവുന്നതാണു്.

ஸ்ரீ. ஆர். கெ. ராம்: சார், நேற்று, பிரதான மந்திரி amendment களை தமிழில் மொழிபெயர்த்துத் தரலாம் என்று சொல்லி இதுவரையில் அது கொடுக்கப்படவில்லை. ஸ்ரீ. மன்னத்துப் பத்மனுபபிள்ளை கேட்டதற்கு, amendment களை மலையாளத்தில் மொழி பெயர்த்துக்கொடுக்க ஏற்பாடு செய்யப்பட்டிருக்கிறது, வந்துவிடும் என்றார். ஆனல் தமிழ் மொழிபெயர்ப்பு என்னவாயிற்று என்பது எங்களுக்குத் தெரியவில்லை. அதைப்பற்றி ஒன்றும் சொல்லவுமில்லை. மலையாளமும், ஆங்கிலமும் தெரியாதவர்களுக்கு தமிழில் பேசுவதற்கு, amendment களின் தமிழ் மொழிபெயர்ப்பு இல்லாமல் என்ன செய்யமுடியும். அதனல் தமிழ் மொழிபெயர்ப்பு வரும் வரையில் இந்த சபை நடவடிக்கைகளை மாற்றிவைக்க வேண்டுமென்று கேட்டுக்கொள்கிறேன்.

മി. സ്പീക്കർ: ഇതു ഒരു പോയിൻറാഫ് ആർഡറല്ല. ഇക്കാര്യം ആലോചിച്ചാൽ കൊള്ളാമെന്നുള്ള ഒരു അപേക്ഷ മാത്രമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കെ. നായർ: அப்படி நடப்பது சரியா என்று கேட்கிறேன்.

മി. സ്പീക്കർ: ശരിതന്നെ. തമിഴിലും പരിഭാഷപ്പെടുത്തി കഴിയുന്നതുംവേഗത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു കൊടുക്കേണ്ടതാണു്. പക്ഷെ, അങ്ങനെ കൊടുക്കാതിരുന്നു എന്നുള്ള കാരണംകൊണ്ടു് ബില്ലിന്റെ പര്യാലോചന മാറ്റിവയ്ക്കണമെന്നില്ല.

Clause 1

ശ്രീ. മന്നാർ ഗോപാലൻനായർ: സർ, ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു്. "In Sub clause (2) to clause 1, after "at once" add the words "and be in force for a period of one year"

ഈ ഭേദഗതിയുടെ ഉദ്ദേശം ഈ നിയമത്തിന്റെ ആയുസ്സു് ഒരു കൊല്ലമായി പരിമിതപ്പെടുത്തുകയെന്നുള്ളതണു്. ഈ രാജ്യത്തു അധിവസിക്കുന്ന ഉദ്ദേശം നാല്പതുലക്ഷത്തോളം വരുന്ന ഒരു വലിയ ജനവിഭാഗത്തിന്റെ മൗലികമായ പല പ്രശ്നങ്ങളെസംബന്ധിച്ചും ശരിയായി പരിഗണിച്ചു വ്യവസ്ഥകൾ വരുത്തേണ്ട ഒരു നിയമമാണിതു്. ഈ നിയമം ഇത്ര ധൃതഗതിയിലും, അനവധാനതയിലും പാസാക്കപ്പെടുകയാണെങ്കിൽ അതു ഈ രാജ്യത്തെ ഹിന്ദുസമുദായത്തോടുചെയ്യുന്ന ഒരു മഹാ ദ്രോഹമായി പരിണമിക്കുന്നതാണു്. സർ, ഇന്നു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള എല്ലാ ജനവിഭാഗങ്ങളുടേയും ദൃഷ്ടികൾ ഈ നിയമസഭയിലേക്കു് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. നാം ഇവിടെ എന്താണു് ചെയ്യുന്നതെന്നു അവർ ബദ്ധശ്രദ്ധരായി വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്. ഇവിടെനിന്നും വാർത്തുവിടുന്ന ഈ നിയമം അവരുടെ ഭാവിഭാഗധേയത്തെ എപ്രകാരം ബാധിക്കുന്നുവെന്നു് വളരെ ഉദ്വേഗമായ ചിന്താഗതിയോടുകൂടി അവർ നോക്കിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ഇവിടെ എന്താണു് നിർമ്മിക്കുവാൻ പോകുന്നതു്? ഇതു്, ഈ ബില്ലു്, കേവലംഅപര്യാപ്തവും തിരുവിതാംകൂർ കൊച്ചി ഹിന്ദുജനങ്ങളുടെ ഭാവിഭാഗധേയത്തെ സാരമായി ബാധിക്കുന്ന ഒന്നാണെന്നുള്ള പ്രാധാന്യം കൊടുക്കാതെ.കൊണ്ടുവന്നിട്ടുള്ളതും ആയ ഒരു ബില്ലാണു്. എങ്ങനെയായാലുംശരി, നിയമത്തിന്റെ മൗലികമായ സകല അടിസ്ഥാനങ്ങളെയും ലംഘിച്ചിട്ടായാലും ശരി ഈ ബില്ലു് പാസ്സാക്കണമെന്നു ഇന്നത്തെ അധികാരികൾ ശഠിക്കുന്നതുകൊണ്ടു് അപൂർണ്ണമായി അല്ലാതെ ഇതു പാസ്സാക്കാൻ സാദ്ധ്യമല്ല. അങ്ങനെ വരുമ്പോൾ അപൂർണ്ണമായ ഈ നിയമം 'ആപത്സ്തോരമെ സന്തതിപ്രവേശമെ' ഇവിടത്തെ ഹിന്ദുജനതയുടെമേൽ കെട്ടിവെയ്ക്കുക എന്നുവരുന്നതു ഞങ്ങളെപ്പോലെയുള്ളവർക്കു സഹിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു കാര്യമാണു്. അവധാനതയോടുകൂടി ചിന്തിച്ചു്, ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും കൂലങ്കഷമായി ആലോചിച്ചു് ശരിയായ ഒരു ബില്ലു് പാസ്സാക്കുന്നതിനു കുറഞ്ഞപക്ഷം ഒരു കൊല്ലമെങ്കിലും വേണ്ടിയിരിക്കുന്നു. ആ കാലപരിഗണനയെ കണക്കാക്കാതെ ഈ നിയമം ഇതേരൂപത്തിൽ പാസ്സാക്കുന്നപക്ഷം അതു ഈ സഭ ഇവിടത്തെ ഹിന്ദുജനതയോടു ചെയ്യുന്ന ഒരു വലിയ അപരാധമായിരിക്കും. എന്തായാലുംശരി, തങ്ങൾക്കു് ഇതു നിയമമാക്കാതെ മുക്കുകയില്ല എന്നു ഗവർമ്മെണ്ടിനു നിർബ്ബന്ധമുണ്ടെങ്കിൽ ആ നിയമത്തിന്റെ കാലാവധി ഒരു കൊല്ലമായി ക്ലിപ്തപ്പെടുത്തിയാൽ മതിയാകുന്നതാണു്. സർ, ഇവിടെ നടക്കുന്ന നടപടികൾ ഏറ്റവും ധൃതഗതിയിലും അവധാനപൂർവ്വം ചിന്തിക്കാതെയുമാണെന്നു എല്ലാ ബില്ലുകളെസംബന്ധിച്ചും പല അവസരങ്ങളിലും പ്രതിപക്ഷത്തുനിന്നും ഉൽഘോഷിച്ചിട്ടുണ്ടു്. ഇവിടത്തെ പ്രതിപക്ഷക്കാർ കണ്ണുതുറന്നു നോക്കുമ്പോൾ കാണുന്നതു് ഈ നിയമമാകുന്ന പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തിനായി നിൽക്കുന്ന ദുശ്ശാസനന്മാരെ മാത്രമാണു്. ഈ വസ്ത്രാക്ഷേപത്തിനു് കൂട്ടുനിൽക്കുവാൻ ഏതായാലും ഞങ്ങൾ തയ്യാറില്ല. കൂടുകൾ പന്തിടാടുന്നതുപോലെ, ഇങ്ങനെയുള്ള നിയമങ്ങളെ കേവലം നിസ്സാരങ്ങളാക്കി തള്ളുന്നതു ഒരിക്കലും ശരിയല്ല. ഈ ബില്ലിനെപ്പറ്റി വളരെ അവഗാഢമായി ചിന്തിക്കുന്നതിനു ഞങ്ങൾക്കു സമയം കിട്ടിയിട്ടില്ല. ഇന്നലെ വാസ്തവത്തിൽ ഉറക്കിളച്ചിരുന്നു് ഈ ബില്ലിനെ പറ്റി പഠിക്കുവാൻ ശ്രമിച്ചിട്ടും അതിന്റെ പല അംശങ്ങളെപറ്റിയും ശരിയായി മനസ്സിലാക്കുന്നതിനോ പഠിക്കുന്നതിനോ സാദ്ധ്യമായിട്ടില്ല. ആ നിലയിൽ മനസ്സിൽ തോന്നിയ ചില ഭേദഗതികൾ മാത്രമേ ഇവിടെ ഹാജരാക്കുവാൻ സാധിച്ചിട്ടുള്ളു. ആ ഭേദഗതികളെല്ലാം അവഗാഢമായ ചിന്തയുടെ സന്താനങ്ങളാണെന്നു പറയാൻ നിവൃത്തിയില്ല. യാതൊരു കാരണവശാലും ഈ ബില്ലിന്റെ പര്യാലോചന മാറ്റിവയ്പ്പാൻ സമ്മതിക്കുകയില്ലെന്ന മനോഭാവം അധികാരികൾ പ്രദർശിപ്പിക്കുന്നനിലയ്ക്കു് ഈ നിയമത്തിന്റെ കാലാവധി ഒരുകൊല്ലമായി ക്ലിപ്തപ്പെടുത്തുകയെങ്കിലും ചെയ്യേണ്ടതാണു്. അതിലേക്കുള്ള ഒരു ഭേദഗതിയാണു് ഞാൻ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഭേദഗതി സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. S. Nataraja Pillai: Sir, I beg to support the amendment moved by Sri. Mannar Gopalan Nayar. I have also tabled an amendment that this piece of legislation shall be in force only for a period of one year. When the Chief Minister introduced this Bill he very clearly admitted that changes in the Covenant was necessary and it stands in need of revision. After that revision final law on the subject may be enacted. This position was admitted by no less responsible a person than the Chief Minister of the Travancore-Cochin State and he made this statement knowing full well the implications of the words he used. If a sincere effort is to be made, if the Government Benches do believe that an effort is necessary, then, Sir, one year is adequate time for them to move in the matter for the revision of the Covenant after negotiating with the contracting parties and representing matters in the proper prospective to all concerned, so that, we may have a legislation which will be acceptable to the Hindus in general.

Further, Sir, in the Bill that has come in for consideration as revised by the Select Committee certain deviations have been made from the Articles of the Covenant. If we want to frame a legislation which will be in the interests of the institutions for which we are now legislating it can be done only, according to the Chief Minister, after the revision of the Covenant. But, Sir, in regard to certain aspects of the matter, even without revising the Covenant or modifying it, certain changes have been introduced in the Bill which go to repudiate or affect the provisions of the Covenant. In these circumstances it is higly necessary that the Bill should have a limited period of validity and there should be sufficient time and opportunity for the Treasury Benches to move in the matter and then frame a proper legislation. Meanwhile, Sir, it was brought to the notice of this House that the Ordinances that are in force are bound to expire in the near future and for the continuity of administration and for the continuity of action taken under the Ordinance, it will be necessary to have a legislation on the Statute Book immediately. I felt personally that there was a certain amount of force in this, and there is the necessity to place a legislation of this kind on the Statute Book to afford validity and continuity for the action taken and not to break the administrative control that has been exercised over the Devaswams under the Ordinance. So, for the present there is a necessity for a piece of legislation of the kind envisaged to carry on the day to day administration of Devaswams. That does not mean that this House should take up the responsibility of passing a Bill, a Bill which according to a large section of the members of this House, Hindus in particular, will not be in the best interests of their religious institutions. As I mentioned the other day, in matters of religion, it is not only the intellectual, logical deductions that count much, but it is more a matter of sentiment and faith. Certain observances and ceremonies are vital to certain sections or individuals who believe in them. Even if it be an enactment to be enforced in a secular or democratic State, it is dangerous to treat lightly the religions sentiments and faith of a large section of the people.

Sir, there is another serious aspect to this question. In a matter of this kind, it is not fair, it is not just and it is not equitable to frame and pass a legislation which will permenantly affect and will ultimately place the control of these religious institutions in the hands of people who have no faith in those institutions themselves but are only actuated by political motives to exercise that control. The provisions now framed are such that they do not guarantee that these religious institutions will be managed and controlled by people who have real faith in these institutions. And, in this connection, Sir, I should also like to draw the attention of the House to the fact that unfortunately, the procedure adopted for the consideration of the Bill are not in strict conformity with the Assembly Rules of procedure. Sir, the Select Committee Report has to be published in the Gazette. We find that Select Committee Reports of Bills coming as Gazettes Extraordinary. What is the purpose in publishing them in the Gazette? The purpose, patently, is to appraise the general public of the State the provisions of the legislation that is being considered by their representatives here so that public opinion may be brought to bear upon the deliberations of this House through proper channels. What I mean, is that according to democratic principles every member representing here have the mandate of the electorate. But it is not that every electorate gives a mandate to its representative. But the representative of the electorate is bound to consider the opinion of his electorate. And the electorate and the general public can give an opinion in the matter only after the due publication of the Bill. What was the procedure adopted by this Government in respect of this? The Report of the Select Committee is said to have been published on Monday, the 10th. We are considering it on Wednesday, the 12th. Ordinarily the Gazette is published on Tuesdays and they do not reach the outlying places even on Wednesday or Thursday. Sir, so far as the publication of the Reports of the Select Committee

LIBRARY ARCHIVES Kerala Legislative Assembly

in the Gazette is concerned they are observed only in letter but not in spirit. I beg to submit, Sir, so far as procedure adopted for this Bill is concerned it is definitely by-passing the spirit of the procedure laid down in Assembly Rules. It is only after the publication of the Select Committee Report member will be able to consult individuals citizens who are in the know of things and other bodies interested in the matter. Those opinions has to be collected and studied by members of this House and to present them to this House. Now, Sir, we are legislating in haste, or I should say in express haste. Is it right on our part, Sir, to undertake a legislation of this kind involving questions of great importance about which there can be honest difference of opinion among different sections of the people? If we are going to place on the Statute Book permanently a piece of legislation of such dubious and according to some, inequitable provisions, it will be dangerous to the interests of the country. Therefore, I earnestly plead, that if the opinion expressed by the Chief Minister is sincere, that the Covenant must be revised, and that provision has to be made in such a way as may be acceptable to the Hindus at large, were this measure should be in force for a limited period. If he is sincere in his opinion, he must see that the control of these institutions is taken away from the political parties and is vested with the Hindus who have honest belief and faith in the Hindu Temples. For that a new bill has to be drafted. Therefore he must accept my amendment that this legislation should be in force only for a limited period of one year.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ലിസ്റ്റിൽ ഫർഥമതായിട്ടുള്ള ഭേദഗതി ഹാജരാക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

Add as sub-clause (4) to Clause I the following:
'It shall remain in force for a period of one year from the date of its commencement'.

ഇവിടെ പ്രസ്താവിക്കപ്പെട്ട കാരണങ്ങൾ കൂടാതെ ഏതെല്ലാം കാരണങ്ങൾകൊണ്ടാണം ഒരു വർഷത്തേക്കുമാത്രം ഈബില്ല് ഉദ്ദേശിതത്തിലിരുന്നാൽ മതിയെന്നു പറയുന്നതെന്നാണ് ഞാൻ പറയാൻപോകുന്നത്. അതുമായിത്തന്നെ പറഞ്ഞുകഴിഞ്ഞു, വളരെ ധൃതഗതിയിൽ കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് ഇതെന്നും ഇതിന്റെ എല്ലാഭാഗങ്ങളേയുംപറ്റി പഠിക്കുന്നതിനു സമയം കിട്ടിയിട്ടില്ലെന്നും മറ്റും. കൂടുതലായി എനിക്കു പറയാനുള്ള കാരണങ്ങൾ ഇവയാണ്. ഏറ്റവും വലിയ ക്ഷോഭകരമായി രാഷ്ട്രീയകക്ഷികൾ ഉണ്ടാക്കിക്കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണ് ഇതു്. ഈ രാഷ്ട്രീയകക്ഷിയെ അനുകൂലിച്ചുകൊണ്ടുവരുന്നതുയാഥാസ്ഥിതികമെന്നുപറഞ്ഞുവരുന്നതുമായ "മലയാളമനോരമ" പ്പത്രത്തിന്റെ ഇന്നലത്തെ മുഖപ്രസംഗത്തിൽ പഠഞ്ഞിരിക്കുന്നതു നോക്കുക: ഈ സംസ്ഥാനത്തെ രാഷ്ട്രീയാന്തരീക്ഷത്തെ അതികഠിനം കലുഷിതരമാക്കിയിട്ടുള്ള ഒരു ബില്ലാണ് നാളെ നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്നതെന്നാണ്. അഭിപ്രായഭിന്നതയുടേയും രാഷ്ട്രീയസമ്മർദ്ദത്തിന്റേയും ചൂടു് ഒന്നാറിയിട്ടു് ശാന്തമായ ഒരന്തരീക്ഷത്തിൽ ഈ ബില്ലു് അവതരിപ്പിച്ചാൽ മതിയെന്നാണ് എന്റെ അഭിപ്രായം. എന്നാൽ അത്യാവശ്യമാണെങ്കിൽ ടെംപററിയായിട്ടു് ഒരു ബിൽ കൊണ്ടുവന്നിട്ടു്, രാജ്യത്തു നാനാഭാഗങ്ങളിലുമുള്ള ജനങ്ങളുടെ അഭിപ്രായം ക്രോഡീകരിച്ചുശേഷം അങ്ങിനെ ഒരു ബിൽ പെർമനെന്റായിട്ടു് കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഒരു വർഷം സമയംകൊണ്ടു് നമുക്കു പറ്റിയ തെറ്റു് തിരുത്തുന്നതിനു സൗകര്യം കിട്ടുകയുംചെയ്യും. അതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. സർ, കഴിഞ്ഞ ഒരു ദിവസം ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ പ്രസ്താവിച്ചതു് ഈ നവമ്പെണ്ടിനു് എതെങ്കിലും തെറ്റപറ്റുന്നതായാൽ അതു ഹിമാലയശൃംഗത്തിൽനിന്നും വിളിച്ചുപറഞ്ഞു കുറ്റം സമ്മതിക്കുന്നതിനു അദ്ദേഹം തയ്യാറാണെന്നാണ്. തെറ്റിനുമേൽ തെറ്റപറ്റി അങ്ങനെ തെറ്റിന്റെ ആകത്തുക എടുത്തുനോക്കുകയാണെങ്കിൽ അദ്ദേഹം അവകൊണ്ടു് ഒരു ഹിമാലയം സൃഷ്ടിച്ചതിനുശേഷം ഹിമാലയത്തിന്റെ ശൃംഗങ്ങളിൽനിന്നും അതു വിളിച്ചുപറയണമെന്നില്ല; എന്നാൽ പറ്റിയ തെറ്റു് തിരുത്തി മുന്നോട്ടു പോകുകയായിരിക്കും കുറെകൂടി നല്ലതെന്നാണ് എനിക്കു പറയുവാനുള്ളതു്. ആവിധത്തിൽ മുന്നോട്ടു പോകുകയാണെങ്കിൽ എതു അഭിപ്രായവ്യത്യാസങ്ങളും രാഷ്ട്രീയമണ്ഡലങ്ങളിൽ ഉണ്ടായിരുന്നാലും ആത്മീയമണ്ഡലത്തിലെങ്കിലും മനഃശുദ്ധി സമാധാനമായി കഴിഞ്ഞുകൂടാൻതക്കസൌകര്യം ഉണ്ടാകുന്നതാണ്. ഒരു തെറ്റു് ഒഴിവാക്കുന്നതിനെങ്കിലും, ഏറ്റവും അത്യാവശ്യമാണ് ഒരു വർഷക്കാലത്തേക്കു് എന്നു് ലിമിറ്റ്ചെയ്യുന്നതു്. രാജ്യ അസാധ്യമാകുന്ന പല വകുപ്പുകളും ഇതിൽ ഉണ്ടു്. എന്നാൽ ഈ ഒരു വർഷക്കാലംകൊണ്ടു് അന്യോന്യം അഭിപ്രായങ്ങൾ പകർന്നു് ഒരേഅഭിപ്രായഗതിയിൽ എത്തിച്ചേരുവാൻ സാധിക്കുമോ എന്നു് പരീക്ഷിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Fatchu Pillai]

ഇൻഡ്യാഗവൺമെണ്ടിന്റെ ഏതോ ചില പ്രേരണകളുടെ ഫലമായിട്ടാണു് ഈ ഗവൺമെണ്ടു മുമ്പുണ്ടായിരുന്ന ആർഡിനൻസിലെ വകുപ്പുകളിൽനിന്നും വ്യത്യസ്തമായ ചില വകുപ്പുകൾ ഇൗ ബില്ലിൽ സ്വീകരിക്കുന്നതിനിടയായതെന്നുള്ളതു് ഇതിനകം തിരുവിതാംകൂർ–കൊച്ചി മുഴുവൻ പ്രസിദ്ധീകൃതമായിരിക്കുന്ന ഒരു സംഗതിയാണു്. അധികൃതമായി ഇൗ നിയമസഭ മുഖാന്തിരം അങ്ങനെയൊരു സംഗതി പ്രസിദ്ധമായിട്ടില്ലെങ്കിലും ഇന്നു രാജ്യം ഭരിക്കുന്ന കക്ഷിയുടെ യോഗനടപടികളുടെ ചരിത്രംകൊണ്ടും അധികൃതമായി പല പത്രങ്ങളും ഇക്കാര്യം പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടും വെളിയിൽനിന്നുള്ള ഏതോ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണു് ചില വകുപ്പുകൾ മുമ്പുണ്ടായിരുന്നതു മാറ്റി ചേർക്കുന്നതിനും മറ്റും ഇടയായിട്ടുള്ളതെന്നു കാണാം. ആ സംഗതി വച്ചുകൊണ്ടു നോക്കുമ്പോൾ ഏറ്റവും വലിയ ഒരത്യാവശ്യമാണു് ജനങ്ങളുടെ അഭിപ്രായഗതി മനസ്സിലാക്കി അവരുടെ അഭിപ്രായങ്ങൾക്കു തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കുന്നതിനു് ഒരവസരം നൽകുകയെന്നുള്ളതു്. ആ നിലയിൽ ഒരു താൽക്കാലികനിയമമായി ഒരുകൊല്ലത്തേക്കു സ്വീകരിക്കുകയും ഞാൻ മുമ്പു പ്രസ്താവിച്ച കാരണങ്ങളാൽ വീണ്ടും ഒരുകൊല്ലം കഴിഞ്ഞിട്ടു് ജനങ്ങളുടെ അഭിപ്രായഗതിയനുസരിച്ചു മറ്റൊരു നിയമം ഇവിടെ കൊണ്ടുവരാമെന്നുള്ള വാദഗതിയെ ആശ്രയിച്ചുകൊണ്ടും പ്രധാനമന്ത്രി മുമ്പൊരവസരത്തിൽ പറഞ്ഞതിനെ സ്വീകരിച്ചു് വേണ്ടിവന്നാൽ കവനൻറിൽ ഭേദഗതി വരുത്തുന്നതിലേക്കും ഞാൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതി സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യു: ഇൗ ബില്ലിനു് ഒരു അഹിതം ആണെന്നു വിചാരിക്കേണ്ട ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുന്നു. ആ ഭേദഗതി അവതരിപ്പിക്കുന്നതിനുമുമ്പു് അധികാരത്തിലിരിക്കുന്ന കക്ഷിയുടെ ബഹുമാന്യനായ നേതാവിനോടു് അദ്ദേഹത്തിന്റെ കക്ഷിയിലുള്ള അഹിതങ്ങൾക്കും ഇതിൽ വോട്ടുചെയ്യുന്നതിലും വാദപ്രതിവാദത്തിലും.....

Mr. Speaker: That is not relevant to the Bill and it is not within the scope of the amendment.

Sri. C. V. Iyyu: Sir, I am coming to it.

ഇൗ ബിൽ ക്ലിപ്തകാലത്തേക്കു മാത്രം നിയമമായി ബാധകമാകണമെന്നു പറയുമ്പോൾ തന്നെ നിവൃത്തിയുണ്ടെങ്കിൽ ആറുമാസമോ അതിനുമുമ്പോ മതിയായ ഒരു നിയമം ഉണ്ടാക്കാനാണു് നിർദ്ദേശിക്കുന്നതു്. ഒന്നാമതായി കവനൻറു് എഴുതിയതു വളരെ ധൃതിയിലാണു്. ഇൗ ഒരു ലക്ഷം രൂപാ ഗവൺമെണ്ടു ഫണ്ടിൽനിന്നും കൊടുക്കത്തക്കതല്ലെന്നു സർ സി. പി. രാമസ്വാമിഅയ്യരുടെ ഉൽബോധനത്തിനു വിധേയമായി എഴുതിയിട്ടുള്ള മി. ടി. കെ. വേലുപ്പിള്ളയുടെ സ്റ്റേറ്റു മാനുവലിൽനിന്നും വ്യക്തമാകുന്നുണ്ടു്. വളരെ വലിയ ഒരു തുകയാണിതു്. ഇൗ ഒരു ലക്ഷം ദേവസ്വം ഫണ്ടിലേക്കു കൊടുക്കാൻ ഉദ്ദേശിച്ചകാലത്തു് ആദായനികുതി, ചുങ്കങ്ങൾ മുതലായി പല ഇനങ്ങളിലുള്ള വരവു് നമ്മുടെ ഗവൺമെണ്ടിനുണ്ടായിരുന്നു. ഇപ്പോൾ ലാൻഡു് കസ്റ്റംസു് നിറുത്തുകയും മറ്റു ആദായനികുതി, കടൽ ചുങ്കം, റെയിൽവേ മുതലായ പല നികുതികളും കേന്ദ്രത്തിലേക്കു പോവുകയും ചെയ്തു. ഇൗ കാര്യംകൂടി പുനരാലോചിക്കണം. ഇൗ ഒരു ലക്ഷം രൂപാ കൊടുക്കാതിരിക്കാൻ.....

മി. സ്പീക്കർ: അതു് ഇവിടെ സംഗതമല്ല.

ശ്രീ. സി. വി. ഇയ്യു: സർ, ഞാനുൾപ്പെട്ട സമുദായവിഭാഗങ്ങളുടെ പള്ളികളുടേയും അവയുടെ സ്വത്തുക്കളുടേയും ഭരണം ദേവസ്വം ബോർഡുപോലെയുള്ള ഒരു സ്ഥാപനമുണ്ടാക്കി ഏല്പിക്കണമെന്നു വിചാരിക്കുന്ന ഒരാളാണു് ഞാൻ. അങ്ങനെ ഒരു ബിൽ ഇൗ സഭയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടു്. മൈലാപ്പൂർ ബ്രാഹ്മണർ മാത്രമേ ഞങ്ങളെ ഇതുവരെ ക്ഷണംചെയ്തിരുന്നുള്ളു. ഇപ്പോൾ ബോംബെ ബ്രാഹ്മണരും ക്ഷണം ആരംഭിച്ചിരിക്കുന്നു. ആ ബില്ലിനെ നിങ്ങളെല്ലാവരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker: The request may be made at another time.

Sri. C. V. Iyyu: Yes, Sir. I will make it at another time. ആയതുകൊണ്ടു് ഇന്നത്തെ രാഷ്ട്രീയസ്ഥിതി വച്ചുകൊണ്ടു നോക്കുമ്പോൾ ഇൗ നിയമം ഇങ്ങനെ ധൃതിക്കൂട്ടി നിയമമാക്കിത്തീർക്കുന്നതുകൊണ്ടു് ഇൗ രാജ്യത്തു വരാവുന്ന പല വിഷമതകളിൽനിന്നും രാജ്യത്തെ രക്ഷിക്കുന്നതിനു് ഇതിനെക്കുറിച്ചു് ഇൻഡ്യാഗവൺമെണ്ടിനോടു പുനരാലോചിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സഭയോട് അഭ്യർത്ഥിക്കുകയും അതോടുകൂടി ഈ ബില്ലിലെ പല കാര്യങ്ങളും നിവൃത്തിയുള്ളിടത്തോളം ഈ രാജ്യത്തുള്ള ഹിന്ദുക്കളുടെ വേണ്ടിടത്തോളമുള്ള അഭിപ്രായഗതി അറിഞ്ഞു ചെയ്യുന്നതിനു സമയം കിട്ടുന്നതിനുവേണ്ടി ഇതു നീട്ടിവയ്ക്കണമെന്നുള്ള മി. നീല കണ്ഠപ്പിള്ളയുടേയും, മി. പാച്ചുപിള്ളയുടേയും അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: സർ, ഞാൻ ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങുന്നു. ൯൦ ശതമാനം ഹിന്ദുക്കൾക്കും ഇഷ്ടമില്ലാത്ത ഒരു ബിൽ ഇവിടെ കൊണ്ടുവരുന്നതിനു ചീഫ് മിനിസ്റ്റർ തയാറായതിൽ ഞാൻ വളരെ ഖേദിക്കുന്നു. ഈ ഒരു കൊല്ലം കാലാവധിയെന്നു ക്ലിപ്തപ്പെടുത്താൻ എനിക്കുള്ള കാരണം എന്തെന്നുവെച്ചാൽ ഫൻ ൫ ഫ-ൽ ഒരു പുതിയ തെരഞ്ഞെടുപ്പു നടത്തുമെന്നു നിശ്ചയിച്ചിട്ടുള്ളതാണ്. ആ തെരഞ്ഞെടുപ്പു കഴിഞ്ഞു് അദ്ദേഹം ഇവിടെ വരുമെന്നു വിചാരിക്കത്തക്ക ഒരു പരിതഃസ്ഥിതിയും ഞാൻ കാണുന്നില്ല. ഇതു് ഒരു യഥാർത്ഥഹിന്ദുവിന്റെ ബില്ലല്ല. എന്നാൽ മറേറതോ ആളുകളുടെ ഭീഷണിക്കു വശംവദനായ ഒരു റെഫ്യൂജി ഹിന്ദുവിന്റെ ബില്ലാണെന്നു തോന്നുന്നു. ഇങ്ങനെ ഒരു വൈരാഗ്യബുദ്ധിയോടുകൂടി ഈ ബിൽ ഹിന്ദുക്കളുടെമേൽ അടിച്ചേല്പിക്കേണ്ട ആവശ്യമുണ്ടോയെന്നു് അദ്ദേഹം പുനരാലോചനചെയ്യണമെന്നു ഞാൻ അദ്ദേഹത്തോടു് അഭ്യർത്ഥിക്കുന്നു. ഒരുകൊല്ലം കഴിയുമ്പോൾ നമുക്കു് അതിനു് അവകാശമുണ്ടു്. ഫൻ൫ ഫ-ൽ തെരഞ്ഞെടുപ്പു നടക്കുമെന്നു് അദ്ദേഹവും ഇൻഡ്യാഗവൺമെണ്ടും പ്രസ്താവിച്ചിട്ടുണ്ടു്. ആ തെരഞ്ഞെടുപ്പു കഴിഞ്ഞു് അദ്ദേഹം വീണ്ടും മന്ത്രിയായി വരുമെങ്കിൽ അപ്പോൾ കൊണ്ടുവന്നുകൊള്ളട്ടെ. ആ സ്ഥിതിക്കു് ഇപ്പോൾ ശാശ്വതമായി ഒരു നിയമം എന്തിനാണു് കൊണ്ടുവരുന്നതു്? ഒരുകൊല്ലം എന്നുള്ളതു് നിശ്ചയമായിട്ടും സ്വീകരിക്കണമെന്നാണു് ഞാൻ അദ്ദേഹത്തോടു് അഭ്യർത്ഥിക്കുന്നതു്. ഒരു കൃസ്ത്യാനിയായ ശ്രീ. ഇയ്യുകുടി അതിലേയ്ക്കു വാദിക്കുന്നു. അനുവാദം കൊടുക്കുന്നപക്ഷം ഇങ്ങനെ പലരും വാദിച്ചേക്കും. അങ്ങനെയുള്ള ആ വാദത്തെ സ്വീകരിച്ചു്, ഹിന്ദുക്കളെ ദോഷപ്പെടുത്തണമെന്നുള്ള ഉദ്ദേശം ത്യജിച്ചു്, ആരേയും ഭയപ്പെടാതെ മനസാക്ഷിയനുസരിച്ചു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അദ്ദേഹം എന്തിനിങ്ങനെ ഭയപ്പെടുന്നു എന്നു ഞാൻ ചോദിക്കുന്നു. ഭയപ്പെട്ടു ജീവിക്കുന്നവനു് ഒരിക്കലും ശരിയായി ജീവിക്കുവാൻ സാദ്ധ്യമല്ല. അദ്ദേഹത്തിനു് ഇപ്പോഴുള്ള ഒരു ദോഷം അതാണു്. അങ്ങനെ ജീവിച്ചു് സ്വന്തം മതത്തെ എന്തിനു് ഇങ്ങനെ വിഷമിപ്പിക്കുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്. മറേറപലതിലും പ്രേമവും നിഷ്പക്ഷതയുമെല്ലാം കാണിക്കുന്ന ചീഫ് മിനിസ്റ്റർ ഹിന്ദുക്കളുടെകാര്യം വരുമ്പോൾ ഇത്ര യധികം ഭയപ്പെടുന്നതെന്തിനു്? പലവിധമായ വാക്കുകൾ എന്റെ നാവിൽ ഇപ്പോൾ ഉദിക്കുന്നുണ്ടു്. എന്നാൽ അവയെല്ലാം പുറത്തുവിടാതിരിക്കുകയാണു് ഞാൻ ചെയ്യുന്നതു്. ഈവിധം മുമ്പോട്ടു പോയാൽ കാര്യങ്ങളെല്ലാം കുഴപ്പത്തിലാകുമെന്നു ധരിച്ചാൽകൊള്ളാം. ഞാൻ ഭേദഗതിയെ ബലമായി പിൻതാങ്ങുന്നു.

Sri. R. Sanker: Sir, my amendment No. 23 is as follows:

In Clause 1, Sub-clause (2) after the words 'at once' add 'and shall be in force for a period of one year.'

ഈ ഭേദഗതി ശ്രീ. ഗോപാലൻനായർ ഇവിടെ അവതരിപ്പിച്ച ഭേദഗതിയോടു മിക്കവാറും തുല്യതയുള്ളതാണു്. അദ്ദേഹവും അതുപോലെയുള്ള ഭേദഗതികളും അവതരിപ്പിച്ചുകൊണ്ടു് മറേറ സ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ച പലകാര്യങ്ങളോടും ഞാൻ യോജിക്കുന്നതോടുകൂടി ആവർത്തനം ഒന്നും വരാതിരിക്കാൻവേണ്ടി ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ ബിൽ വായിച്ചുനോക്കിയാൽ അതംഗീകരിച്ചിരിക്കുന്ന തത്വങ്ങൾ ഭാഗികമായി മാത്രംഅങ്ങിങ്ങു് അംഗീകരിച്ചിരിക്കുന്നതായും ചിലപ്പോൾ തത്വം എന്താണെന്നു ബില്ലിന്റെ പ്രയോക്താക്കൾക്കു മനസ്സിലായിട്ടില്ലാതിരുന്നതായും കാണാം. വേറെ ചില വസ്തുതകൾകൂടി ഇതുസംബന്ധിച്ചു് എനിക്കു പറയേണ്ടതുണ്ടു്. ഞാൻ പ്രീയാംബിളിനു് ഒരു ഭേദഗതി അയച്ചിട്ടുണ്ടു്. ഇതുമായി വളരെ ബന്ധമുള്ളതുകൊണ്ടാണു് ഞാൻ അതിനെപ്പറ്റി പറയുന്നതു്. അതിൽ പറയുന്നതു് ഈ ബില്ലനുസരിച്ചുണ്ടാകുന്ന ദേവസ്വം ബോർഡും ദേവസ്വം ഭരണവും രാജ്യതന്ത്രവുമായി യാതൊരുതരത്തിലും ബന്ധപ്പെടാതിരിക്കുന്നതിലേയ്ക്കു വ്യവസ്ഥചെയ്യുന്നതിനു കമ്മീഷനർമാർ ചില ഭേദഗതികൾ വരുത്താതെ നിവ്വാഹമില്ലാത്തതുകൊണ്ടും അതിനു സമയം കൊടുക്കേണ്ടതുകൊണ്ടും തൽക്കാലം ഇങ്ങനെ എനാക്കറ്റചെയ്യുന്നതിനുള്ള ഒരു ഭേദഗതി അയച്ചിട്ടു് അതിന്റെ അനന്തരഫലമായി ഒരുകൊല്ലത്തേക്കു ബില്ലിന്റെ കാലാവധി പരി

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sanker]

മീതെപ്പെട്ടത്തണമെന്ന ഒരു ഭേദഗതിയാണു് ഞാൻ ഇപ്പോൾ ഹാജരാക്കിയിട്ടുള്ളതു്. ഇതിൽ വ്യക്തമായി കാണുന്ന ഒരു പരസ്പരവൈരുദ്ധ്യം ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതിൽ ഏഴാം വകുപ്പിൽ ബോർഡംഗങ്ങളായിരിക്കുന്നവരുടെ അയോഗ്യതകളെപ്പറ്റി പറയുന്നതിൽ രണ്ടു സംഗതികൾ പ്രത്യേകം ശ്രദ്ധാർഹമാണു്. ഒന്നു സബ്ക്ലാസ്സു് ന്നു ആണു്. അടുത്തതു സബ്ക്ലാസ്സു് ഏഴാണു്. ഇതു് ഒരു തരത്തെ ആസ്പദമാക്കി കൊണ്ടുവന്നിട്ടുള്ളതാണു്. ഏഴാമത്തേതിൽ പറയുന്ന കമ്മീഷൻ ആർഗ്യുമെന്റേഷൻ എന്നതു വ്യക്തമായിട്ടില്ല. ദേവസ്വം ഭരണം ഒരു കമ്മീഷണറിയെ മാത്രം ബാധിക്കുന്നതാണു്. അതിനകത്തു് അവർ ഇരിക്കാൻ പാടില്ലെന്നു പറയുന്നതു വ്യക്തമായിട്ടില്ലെങ്കിലും രാജ്യതന്ത്രവുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നവരും നിയമസഭയിലെ അംഗങ്ങളും ബോർഡംഗങ്ങളായി ഇരിക്കാൻ പാടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അതിനു് ഒരൊറ്റ ഉദ്ദേശമേയുള്ളു.

ഈ ബോർഡിൽ, രാഷ്ട്രീയ കാര്യങ്ങളിലോ മതകാര്യങ്ങളിലോ നേതൃത്വം വഹിക്കുന്നവർ അംഗങ്ങളായിരിക്കുന്നതിനെ നിയന്ത്രിക്കുന്നതിനാണു് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നതെന്നു പറയുകയുണ്ടായി. അതാണു് യഥാർത്ഥ ഉദ്ദേശമെങ്കിൽ ഒരുരം—മതകാര്യങ്ങളിൽ താല്പര്യമുള്ളവരും, പാർട്ടിയുടെ പുരോഗമനത്തിൽ താല്പര്യമുള്ളവരും—ഇതു ഒരു നല്ല കാര്യമാണെന്നു സമ്മതിക്കും. അതുകൊണ്ടു് സ്വന്തനിലയിൽ എനിക്കു അതിനോടു യാതൊരെതിർപ്പും ഇല്ല. എന്നാൽ അതിനടുത്ത വ്യവസ്ഥ മേൽപറഞ്ഞതിനു വിരുദ്ധമായ ഒന്നാണു്. ഈ ബോർഡിലെ അംഗങ്ങളിൽ ഒരാളെ തെരഞ്ഞെടുക്കേണ്ടതു് ഈ നിയമസഭയിലെ ഹിന്ദുമെമ്പറന്മാരും, മറ്റൊരു മെമ്പറെ തെരഞ്ഞെടുക്കേണ്ടതു ഇവിടത്തെ ഹിന്ദു കൗൺസിൽ ആഫ് മിനിസ്റ്റേഴ്സും (അതായതു് മിനിസ്റ്റർന്മാരിൽ ഉള്ള ഹിന്ദുക്കളും) ആണു് എന്നൊരു വ്യവസ്ഥ വേറെയുണ്ടു്. തെരഞ്ഞെടുക്കപ്പെടുന്നവർക്കു് രാഷ്ട്രീയം പാടില്ലാ എന്നു പറയുന്നുണ്ടു്. അതിനോടു യോജിക്കാം. എന്നാൽ ഈ വോട്ടുകൊടുത്തു തെരഞ്ഞെടുക്കുന്ന അംഗങ്ങളും സ്വന്തം ഡിസ്ക്രിഷൻ പ്രയോഗിച്ചു നോമിനേറ്റു ചെയ്യുന്ന മിനിസ്റ്റർന്മാരും മതകാര്യങ്ങളും രാഷ്ട്രീയകാര്യങ്ങളും കൈകാര്യം ചെയ്യുന്നവരാണു്. ആ വ്യവസ്ഥ അങ്ങിനെയിരിക്കെ ഈ ബോർഡിലെ അംഗങ്ങൾമാത്രം രാഷ്ട്രീയസംഘടനകളിലോ സാമുദായിക സംഘടനകളിലോ അംഗങ്ങളായിരിക്കാൻ പാടില്ല എന്നു പറയുന്നതുകൊണ്ടു് യാതൊരു ഫലവും വരാൻ പോകുന്നില്ല. ഈ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ആളുകൾ എങ്ങിനെയുള്ളവരായിരിക്കണമെന്നുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ചെയ്തിട്ടില്ല. ഈ ബില്ലിൽ ഇങ്ങനെയുള്ള വ്യവസ്ഥകൾ ചെയ്യുന്നതിനു വിരോധകമായി നിൽക്കുന്നതു് ഈ ബിൽകൊണ്ടുവന്ന ആളുകളുടെ ഭരണഭീതി അല്ലെങ്കിൽ ഇപ്പോൾ നിലവിലിരിക്കുന്ന കവനൻറ് ആണെന്നാണു് എനിക്കു തോന്നുന്നതു്. ഇതിനു ആവശ്യമായ ഭേദഗതികൾ വരുത്തിയെങ്കിൽ മാത്രമെ രാജ്യതന്ത്രപരമായും മതപരമായും ബന്ധമില്ലാത്ത ആളുകളെ ദേവസ്വം ബോർഡിലേയ്ക്കു് തെരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു. കവനൻറിലെ ഒപ്പുകാരായ ആളുകൾ സമ്മതിച്ചിട്ടുവേണം അങ്ങിനെയുള്ള വ്യത്യാസങ്ങൾ വരുത്തുവാൻ. അതിനു് ആവശ്യമായുള്ള സമയം അനുവദിക്കുക എന്നുള്ളതാണു് ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. ഒരു ആറുമാസക്കാലംകൊണ്ടുതന്നെ ഈ തെറ്റുകൾ പരിഹരിക്കാവുന്നതാണു്. എന്നാൽ ആറുമാസംകൊണ്ടു് ചെയ്യേണ്ട സംഗതികൾ ഈ ഗവമ്മെണ്ടു് ഒരു വർഷംകൊണ്ടും ചെയ്യുമോ എന്നുള്ള കാര്യം സംശയമാണു്. ഈ ആർഡിനൻസു് ആദ്യമെയുണ്ടായതു് ആഗസ്റ്റ്മാസം ഒന്നാം തീയതിയാണു്. അതിനുശേഷം എട്ടുമാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ഒരു ആർഡിനൻസു് ഉണ്ടായാൽ അതിനു ആറുമാസമേ കാലാവധിയുള്ളു എന്നു നിശ്ചയമായും ഈ ഗവമ്മെണ്ടും അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ജനുവരി ഒന്നാം തീയതിക്കുശേഷം ഈ ആർഡിനൻസു് വീണ്ടും ദീർഘിപ്പിക്കയുണ്ടായി. അടുത്ത നിയമസഭകൂടി ആറാഴ്ചക്കകം ഇതു നിയമമാക്കണമെന്നും ഗവമ്മെണ്ടു് അറിയാതിരിക്കാൻ കാരണമില്ല. എന്നിട്ടുകൂടി ഈ ബിൽ നേരത്തെ കൊണ്ടുവന്നില്ല. ഹിന്ദുക്കളെ മാത്രം ബാധിക്കുന്ന സംഘടന ഒരു സമുദായസംഘടനയല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇതു ഈ രാജ്യത്തെ ഭൂരിപക്ഷംവരുന്ന ഒരു ജനവിഭാഗത്തെ സാരമായി ബാധിക്കുന്ന ഒരു കാര്യം ആണെന്നിരുന്നിട്ടും ഇതേസംബന്ധിച്ചു് ഏതെങ്കിലും യത്നം ചെയ്യുകയോ ഏതെങ്കിലും സ്റ്റാഫ്റ്റ് ബിൽ ഉണ്ടാക്കി അഭിപ്രായം ശേഖരിക്കുകയോ ചെയ്തിട്ടില്ലെന്നിരിക്കെ ഒരു ആറുമാസക്കാലം വച്ചാൽതന്നെ ഈ ബിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പാ

LIBRARY ARCHIVES Kerala Legislative Assembly

സാക്കാൻ സാധിക്കുമോ എന്ന സംശയമുള്ളതുകൊണ്ടാണ് ഇത്രയും സമയം വച്ചിട്ടുള്ളത്. അത്രയും സമയം വാസ്തവത്തിൽ ആവശ്യമില്ലാത്തതാണ്.

എതായാലും ഈ ബില്ലിനകത്തു ഇതുപോലെ പല സംഗതികളും എടുത്തു പറയുന്നതിനുണ്ട്. അതിലേയ്ക്ക് ഓരോ ക്ലാസിനും ഞാൻ അമെൻഡ്മെൻറ് അയച്ചിട്ടുണ്ട്. ഇപ്പോൾ എത്രയും പ്രാധാന്യം അർഹിക്കുന്നതായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതു നിയമം ആക്കുന്നതിനുമുമ്പുതന്നെ ആവശ്യമായ വ്യത്യാസങ്ങൾ വരുത്തേണ്ടതാണ്. അതിനുവേണ്ടിയാണ് ഈ ഒരു കൊല്ലം എന്ന കാലാവധിവയ്ക്കണം എന്ന ആവശ്യപ്പെട്ടിരിക്കുന്നത്. അതിൽ കൂടുതൽ കൊടുക്കരുതെന്നാണ് എനിക്ക പറയുവാനുള്ളത്.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. എന്റെ ഭേദഗതിയും അതിനോടു തുല്യമായിരിക്കുന്നതുകൊണ്ടാണ് എന്റെ ഭേദഗതി പ്രത്യേകമായി അവതരിപ്പിക്കാതിരിക്കുന്നത്. പറഞ്ഞതൊന്നും ആവർത്തിക്കാതെ ഒന്നുരണ്ടു കാര്യങ്ങൾമാത്രം ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. എന്താണ് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നതു എന്നു ചോദിച്ചാൽ യഥാർത്ഥത്തിൽ ഇൻഡ്യാഗവമ്മെണ്ടിന്റെ ആദർശങ്ങൾക്കു വിപരീതമായ ഒന്നായിട്ടാണ് ഇന്നു ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതും. ഇൻഡ്യാഗവമ്മെണ്ടിന്റെ പഞ്ചപതിനെട്ടു പരിപാടികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു ഹരിജനോദ്ധാരണമാണ്. എന്നാൽ ഈ ബില്ലിൽ ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുപകരിക്കത്തക്കതായ യാതൊരു വ്യവസ്ഥയും കാണുന്നില്ല. ഇതു ഒരു ശാശ്വതനിയമമായി തീരാൻ പോവുകയാണ്. ഹരിജനോദ്ധാരണത്തിനു സ്ഥായിയായതൊന്നും ചെയ്യാൻ ഈ ബില്ലുകൊണ്ടു സാധിക്കുകയില്ല. ഇന്നു നിലവിലിരിക്കുന്ന കവനൻറ് മാറ്റം വരുത്തിയിതിനുശേഷമല്ലാതെ യാതൊന്നും ഹരിജനങ്ങൾക്കുവേണ്ടി ചെയ്യാൻ സാധിക്കയില്ല എന്നു വളരെ വളരെ ഭംഗിയായി ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

സർ, എന്തുകൊണ്ടാണ് ഈ കവനൻറ വ്യത്യാസം വരുത്താതിരിക്കുന്നത്? ഇന്നു ദേവസ്വംബോർഡിൽ മൂന്നംഗങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ ചെയ്തിട്ടുള്ളതു. ഈ മൂന്നംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നും അവരെ എങ്ങിനെ തെരഞ്ഞെടുക്കണമെന്നും അതിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഇന്നത്തെ വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ഒരു ഹരിജനത്തിനു അതിൽ ഒരംഗമായിരിക്കാൻ സാധിക്കാതെയാണിരിക്കുന്നതു. അതുകൊണ്ടു ഈ കവനൻറ് ഒന്നു വ്യത്യാസപ്പെടുത്തിയാൽ ഈ ബോർഡിൽ ഒരു ഹരിജനമെമ്പർക്കും വരാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതിനു പല കാരണങ്ങളുമുണ്ട്.

ശ്രീ. സി. വി. ഇയ്യു: ഇന്നത്തെ വ്യവസ്ഥ അനുസരിച്ചു ഒരു ഹരിജനമെമ്പറെ മന്ത്രിമാക്കു നോമിനേറ ചെയ്യുകുടെ?

ശ്രീ. പി. സി. ആദിച്ചൻ: അതു പറയാം. അതിനു പല കാരണങ്ങളും ഉണ്ടു. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പു ബ്രിട്ടീഷു കേൽകോയ്മയായിരുന്ന ഇവിടെ ഭരണം നടത്തി വന്നിരുന്നതു. അന്നു ഇൻഡ്യാഗവമ്മെണ്ടിൽ ഹരിജനങ്ങൾക്കു യാതൊരുവിധമായ ആനുകൂല്യങ്ങളും ഉണ്ടാകാതിരുന്നതു ഗവമ്മെണ്ടു ഉദ്യോഗസ്ഥന്മാരുടെ പിശകുകൊണ്ടാണെന്നാണ് പറഞ്ഞുവന്നിരുന്നതു. എന്നാൽ ഇന്നു സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞു. എന്നിട്ടും ഇന്നും ആ രീതിതന്നെയാണ് തുടർന്നുവരുന്നതു. അതുകൊണ്ടുതന്നെയാണ് ഇവിടെ പൊളിറ്റിക്കൽ പാർട്ടിയുടെ കീഴിൽ ഹിന്ദുക്കളുടെ ഏകസ്ഥാപനമായ ദേവസ്വംബോർഡിനെ വച്ചുകൊണ്ടിരിക്കുന്നതു എന്നാണ് ഞാൻ പറയുന്നതു.

ഇവിടത്തെ ദേവസ്വം ബോർഡുണ്ടാക്കിയിരിക്കുന്നതു എല്ലാ ഹിന്ദുസമുദായങ്ങൾക്കും വേണ്ടിയാണല്ലോ. അപ്പോൾ അതിൽ ഒരു ഹരിജൻ അംഗം കൂടിയിരിക്കുന്നതുകൊണ്ടു എന്തു ദുഷ്യമാണ് ഉണ്ടാകാൻ പോകുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു. ഇന്നു ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നതു കവനൻറിലെ വ്യവസ്ഥകളെ ആസ്പദമാക്കിയാണെന്നും അതുകൊണ്ടു അതിലെ വ്യവസ്ഥകളെ മാറ്റിയെങ്കിലെ ഇന്നത്തെ ബോർഡിന്റെ ഘടനയ്ക്കുതന്നെ മാറ്റം വരുത്താൻ സാധിക്കയുള്ളു എന്നും ഇവിടെ പറഞ്ഞതായി കേട്ടു. അങ്ങിനെ മാറ്റം വരുത്തുന്നതിനു കാലതാമസം നേരിടുകയും ചെയ്യും. എന്നാൽ ഇതു ഒരു ശാശ്വതമായ നിയമമാക്കുന്നതിനുമുൻപു ദേവസ്വംബോർഡിൽ ഒരു ഹരിജനമെമ്പറുണ്ടായിരിക്കത്തക്കവണ്ണം അവരുടെ അവകാശം സുരക്ഷിതമാക്കണമെന്നാണ് എനിക്ക പറയാനുള്ളതു. അതു

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. C. Adichan]

പോലെതന്നെ ഈ ഒരു കൊല്ലക്കാലത്തിനിടയിൽ പല ഭേദഗതികളും ഈ ബില്ലിൽ ഉണ്ടാക്കുന്നതിനു സാധിക്കുന്നതാണു്.

സർ, മറെറാരു കാര്യവും വളരെ സാവകാശമായി പറയണമെന്നു ഞാൻ വിചാരിക്കുന്നു. എന്തിനാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചു പാസ്സാക്കുന്നതു്? ഇതു ഹിന്ദുക്കളെ ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ളതാണെന്നു പറയുന്നു. എന്നാൽ ഈ ബിൽ ഇവിടെ ആദ്യമായി അവതരിപ്പിച്ച അവസരത്തിൽ ഇതേപ്പററി സംസാരിക്കുന്നതിനു് അഞ്ചുപ്രാവശ്യം എഴുന്നേററിട്ടു് ഒരു സെക്കൻഡുപോലും സംസാരിക്കുന്നതിനെനിക്കു് അവസരം തരുകയുണ്ടായില്ല. ഇതു പ്രാധാന്യമേറിയ ഒരു ബില്ലിനെ സംബന്ധിച്ചു ഒരു ഹരിജൻ എന്ന നിലക്കു സംസാരിക്കണമെന്നു വിചാരിച്ചപ്പോൾ അതിനെനിക്കുള്ള അവകാശത്തെ

.....

മി. സ്പീക്കർ : മറവള്ളവക്കു് അസൗകര്യം നേരിടത്തക്കവിധത്തിൽ മെമ്പർ പ്രസംഗിക്കാൻ പാടില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ : കൊച്ചിദേവസ്വംബോർഡുമെമ്പർ ശ്രീ. ഡീവർ ഒരു ഹരിജൻ അല്ലേ?

ശ്രീ. പി. സി. ആദിച്ചൻ: അതല്ല ഞാൻ പറഞ്ഞു വന്നതു്. ഹരിജനങ്ങളുടെ കാര്യം പറഞ്ഞുവന്നപ്പോൾ ഇത്രയും പറഞ്ഞതാണു്. അതിൽ തെററിദ്ധരിക്കരുതു്. അതിന്റെ സ്പിരിറുകൊണ്ടു് പറഞ്ഞുപോയതാണു്. അല്ലാതെ മറെറാന്നുമല്ല. സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അധഃപതിച്ചിരിക്കുന്ന ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിനു് ദേവസ്വംബോർഡിനുമാത്രമെ കഴിയുകയുള്ളു എന്നും അതിനു സൗകര്യമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ബഹു. ചീഫ് മിനിസ്റ്റർ ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ ഹരിജനങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനോ അവർക്കു ഈ ബോർഡിൽ ഒരംഗമാകുന്നതിനോ വല്ല വ്യവസ്ഥയും കവനൻറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ? ഇന്നത്തെ നിലയ്ക്കു മേൽപറഞ്ഞപ്രകാരം ഒരു വ്യവസ്ഥയുണ്ടാക്കാൻ സാധ്യമല്ല. അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ ബിൽ ഒരു ശാശ്വതനിയമമാക്കുന്നതുകൊണ്ടു് ഈ രാജ്യത്തു ഒരു ചോരപ്പുഴ ഒഴുക്കുന്നതിനുവേണ്ടിയുള്ള നിലയാണുണ്ടാക്കുന്നതെന്നാണു്. സർ, സാമാന്യമായി നാട്ടിൻപുറങ്ങളിൽ ഈ ദേവസ്വം ബോർഡിലേക്കു് ഒരു തെരഞ്ഞെടുപ്പുതന്നെ നടത്തേണ്ടതായി വന്നാൽ അന്നു് അവിടെ സംഭവിക്കുന്നതെന്താണെന്നു് നമുക്കു മനസ്സിലാക്കാവുന്നതാണു്. കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പുകാലം സംബന്ധിച്ചുണ്ടായ കലാപങ്ങളും ഇന്നും തീരാതെ കിടപ്പുള്ളതായി അറിയാം. തിരുവല്ലാ, ചങ്ങനാശ്ശേരി, അങ്ങനെ സ്ഥാനാർത്ഥിയായി നിന്ന പത്തനംതിട്ട മുതലായ സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പുകാലം സംബന്ധിച്ചു വളരെ വഷളായ കലാപങ്ങളാണു് ഉണ്ടായിട്ടുള്ളതായും അറിവുള്ളതാണു്.

മി. സ്പീക്കർ : ഇലക്ഷനും ഈ ഭേദഗതിയുമായി യാതൊരു ബന്ധവുമില്ല. ഇന്നു് വളരെ വഷളായാസ്വാസ്ഥ്യങ്ങളും ഉണ്ടെന്നും അതു് ഇനിയും ഉണ്ടാകുമെന്നും മറവും മെമ്പർ പറയുകയുണ്ടായി. അതും ഈ അമെൻഡുമെൻറുമായി എന്തു ബന്ധമാണുള്ളതു്? അമെൻഡുമെൻറുമായി ബന്ധമുള്ള കാര്യങ്ങളെപ്പററി മാത്രമാണു് സംസാരിക്കേണ്ടതു്.

ശ്രീ. പി. സി. ആദിച്ചൻ: അതുകൊണ്ടു് ഞാൻ പറയുന്നതിന്റെ മുഴുക്കം ഈ ബിൽ ഒരു ശാശ്വതനിയമമാക്കുന്നപക്ഷം ഈ രാജ്യത്തു ഒരു ചോരപ്പുഴ ഒഴുക്കുന്നതിനു കാരണമാകുന്നതാണു്.

മി. സ്പീക്കർ : അതു ഒരിക്കൽ പറഞ്ഞതാണു്. വീണ്ടും ആവർത്തിക്കുന്നതു ശരിയല്ല. ബില്ലിനെപ്പററിയും ഹാജരാക്കിയിരിക്കുന്ന ഭേദഗതി അനുസരിച്ചു് ഇതിന്റെ കാലാവധി ഒരു കൊല്ലത്തേയ്ക്കു മതിയാകും എന്നുള്ളതിനെ ആസ്പദമാക്കിയും സംസാരിക്കാവുന്നതാണു്.

ശ്രീ. പി. സി. ആദിച്ചൻ : ശാശ്വതമായ ഒരു ബിൽ ഉണ്ടായിരിക്കേണ്ടതാണു് എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഇപ്പോൾ ഇവിടെ ഹാജരാക്കിയിരിക്കുന്ന ബിൽ നിയമമാകുന്നപക്ഷം അനവധി സാധുക്കൾക്കു് വിഷമങ്ങൾക്കിടയാകുമെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത്. അതുകൊണ്ട് ഈ ബിൽ തൽക്കാലം ഒരു വർഷത്തേക്കുമാത്രം നടപ്പിലിരിക്കുന്നതാണ് എന്നുള്ള ഭേദഗതി സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ചീഫ് മിനിസ്റ്റർ സംസാരിക്കുന്നതിനെഴുനേൽക്കുന്നതായി കണ്ടു. അദ്ദേഹം സംസാരിച്ചുകഴിഞ്ഞാൽ എനിക്കു സംസാരിക്കാൻ ഒരവസരം തരുമോ എന്ന് അറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: ചീഫ് മിനിസ്റ്റർ സംസാരിക്കുന്നതിനുമുമ്പുതന്നെ സംസാരിക്കാം.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ദേവസ്വം ഭരണം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതു് കവനൻറിനേയും ഒരു ആർഡിനൻസിനേയും അടിസ്ഥാനമാക്കിയാണെന്നുള്ളതു് എല്ലാവക്കും അറിയാം. രാഷ്ട്രീയകാര്യവും, സമുദായകാര്യവും മതപരമായ കാര്യങ്ങളും കൂട്ടികുഴക്കുന്നതുനിമിത്തം വിഭിന്നസമുദായക്കാരും മതക്കാരും അധിവസിക്കുന്ന ഈ രാജ്യത്തു സമുദായസൗഹാർദ്ദത്തിനു് ഹാനി സംഭവിക്കാൻ ഇടയുണ്ടു്. അതുകൊണ്ടു് രാഷ്ട്രീയകാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവിധത്തിൽ ഹിന്ദുമതത്തിൻറേയും ദേവസ്വങ്ങളുടേയും ഭരണം കൊണ്ടുവരണമെന്ന ആഗ്രഹം പ്രകടിപ്പിക്കയും അപ്രകാരം ഒരു വ്യവസ്ഥ ഈ ബില്ലിൽ ഏർപ്പെടുത്തികാണുകയും ചെയ്യുന്നതിൽ ഞാൻ സന്തോഷിക്കയും അതിനെ സ്വാഗതംചെയ്കയും ചെയ്തു. രാഷ്ട്രീയകാര്യങ്ങളിൽനിന്നു ഹിന്ദുക്കളുടെ മതസ്ഥാപനങ്ങളെ ആ സമുദായത്തിൻറെ അഭിപ്രായഗതിയനുസരിച്ചു ഭരിക്കാൻതക്കവണ്ണം വിട്ടുകിട്ടണമെന്നാണു് ഈ രാജ്യത്തെ ഹിന്ദുക്കളുടെ ആഗ്രഹവും അപേക്ഷയും. എന്നാൽ അപ്രകാരമുള്ള ആഗ്രഹം സാധിക്കത്തക്കവിധത്തിലല്ല ഇന്നു് ഈ ബിൽ എഴുതി കൊണ്ടുവന്നിരിക്കുന്നതെന്നു പറയാതെ തരമില്ല. അതാണു് ഞങ്ങൾക്കു് ഇതുസംബന്ധിച്ചുള്ള ആക്ഷേപം. രാഷ്ട്രീയകാര്യങ്ങളുമായി ബന്ധിച്ചുനില്ക്കുന്ന തെരഞ്ഞെടുപ്പുകാര്യം കവനൻറിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ചു മാറ്റാൻ സാദ്ധ്യമല്ലെന്നു ചീഫ്മിനിസ്റ്റർ വാദിച്ചുകൊണ്ടു് ഇതു അടിയന്തിരമായി പാസാക്കേണ്ടതുകൊണ്ടാണു് തിടുക്കത്തിൽ ഇങ്ങിനെ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നും പറകയുണ്ടായി. ൧൨ മാസത്തിനകം ഇതേസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തി ഹിന്ദുസമുദായത്തിനു് തൃപ്തികരമായ ഒരു നിയമം ഉണ്ടാക്കാൻ വേണ്ട ഏർപ്പാടുചെയ്യാമെന്നു അദ്ദേഹം പ്രസ്താവിച്ചിരുന്നുവെങ്കിൽ എതിർപ്പുകൂടാതിരിക്കുവാൻ ഞാൻ തയ്യാറാകുമായിരുന്നു. എന്നാൽ ഈ രാജ്യത്തെ ഹിന്ദുക്കൾക്കു് വിഷമം വരത്തക്കവണ്ണമുള്ള ഒരു സാഹചര്യത്തോടുകൂടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. കവനൻറും ആർഡിനൻസും അനുസരിച്ചു ഈ രാജ്യത്തെ ഏതു് ഹിന്ദുവിനും ദേവസ്വം ബോർഡിലെ അംഗമായിരിക്കാവുന്നതാണു്. എന്നാൽ ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന ബില്ലിലെ വ്യവസ്ഥയനുസരിച്ചു എം. എൽ. എ. മാക്കു് അതിലെ അംഗങ്ങളായിരിക്കാൻ പാടില്ല. മാത്രവുമല്ല, സാമുദായികകാര്യങ്ങളിൽ പങ്കെടുക്കുന്നവക്കും സാമുദായികപ്രവർത്തനം നടത്തുന്നവക്കും അംഗങ്ങളായിരിക്കുവാനും സാദ്ധ്യമല്ല. എന്നുവേണ്ട ഹിന്ദുസമുദായത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നവക്കും, സമുദായപരിഷ്കാരമാകട്ടെ, അതുപോലെയുള്ള മറവ പ്രവർത്തനങ്ങളാകട്ടെ ചെയ്യുന്നവക്കു്, അംഗങ്ങളായിരിക്കുവാൻ പാടില്ല എന്ന സംകുചിതമായ ഒരടിസ്ഥാനത്തിലാണു് ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഈ ബില്ലിലെ വ്യവസ്ഥകൾ ആർഡിനൻസിൻറേയും കവനൻറിൻറേയും താല്പര്യങ്ങൾക്കു വിരുദ്ധമാണെന്നു കാണുവാൻ പ്രയാസമില്ല. രാഷ്ട്രീയ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട എം. എൽ. എ. മാരെ ദേവസ്വം ഭരണത്തിനു് ഏർപ്പെടുത്തിയാൽ കുഴപ്പമുണ്ടാകുമെന്നു മന്ത്രിമാർ മനസ്സിലാക്കിയതിൻറെ ഫലമായിട്ടായിരിക്കാം അവരെ അതിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു്. എന്നാൽ ദേവസ്വം ബോർഡിലെ അംഗങ്ങളായിരിക്കുവാൻ യോഗ്യതയുള്ള എം. എൽ. എ. മാരെ തെരഞ്ഞെടുക്കുന്നതു് ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് ആരാണെന്നാണു് നാം നോക്കേണ്ടതു്. സർവ്വജാതിമതക്കാരും വോട്ടുചെയ്യുന്ന ഈ രാജ്യത്തെ ഭരണഘടന സൃഷ്ടിക്കുവാൻവേണ്ടി ഉണ്ടാക്കിയ നിയമസഭയിലെ ഹിന്ദു അംഗങ്ങളാണു് ഒരു ബോർഡ് അംഗത്തെ തെരഞ്ഞെടുക്കുന്നതു്. ഇവർ രാഷ്ട്രീയകാര്യം വിട്ടു് എങ്ങിനെ ഇതിൻറെ ഭരണം നടത്തിക്കൊണ്ടുപോകാൻ സ്വതന്ത്രരായിരിക്കാൻ കഴിയുമെന്നു മനസ്സിലാക്കാൻ പ്രയാസമാണു്. ഈ സഭയിലെ ഹിന്ദുമെമ്പറന്മാക്കു ദേവസ്വം ബോർഡിലെ അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Mannath Padmanabhan]

കാരം അങ്ങിനെതന്നെ ഇരിക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയും പുതിയതായി കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥയും തമ്മിൽ എങ്ങിനെ യോജിക്കുമെന്നും എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഒരു ബോർഡുമെമ്പറെ ഹിന്ദുമന്ത്രിമാർ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയും ഹിന്ദുസമുദായത്തേയും മതത്തേയും രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനുള്ള ഒരു കയ്യാംകളിയായിട്ടാണു് ഈ വ്യവസ്ഥ മാറ്റാതെ വച്ചുകൊണ്ടിരിക്കുന്നതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതു്. ഹിന്ദുമതത്തെ സംബന്ധിച്ചുള്ള കാര്യങ്ങളെ രാഷ്ട്രീയകക്ഷികൾക്കു കയ്യടക്കുന്നതിനുവേണ്ടി പ്രയോഗിച്ചിരിക്കുന്ന ഒരേർപ്പാടാണിതെന്നു വ്യക്തമാണു്. അല്ലെങ്കിൽ എന്തുകൊണ്ടു് ഇതു മാറുവാൻ ശ്രമിച്ചില്ലെന്നു ഞാൻ ചോദിക്കുന്നു. ഇതു കവനൻറിലെ വ്യവസ്ഥയാണു്, അതിലുൾപ്പെട്ട കക്ഷികളുമായി ആലോചിക്കാതെ അതു വ്യത്യാസപ്പെടുത്തുവാൻ പാടില്ല, രാഷ്ട്രീയകാര്യങ്ങളും സാമുദായികകാര്യങ്ങളും വേർതിരിക്കണം എന്നെല്ലാം പൂർവ്വപരമിശ്രമായി പറയുന്നതല്ലാതെ കവനൻറിൽ ഉൾപ്പെട്ട ആളുകളെക്കൊണ്ടു് ആവശ്യമുള്ള വ്യത്യാസത്തിനു് അനുമതിവാങ്ങാൻ ശ്രമിക്കാതെ വ്യത്യസ്തമായ ചിന്താഗതികളോടുകൂടി ദേവസ്വം ഭരണം താറുമാറാക്കാനും അസ്വതന്ത്രമായി വച്ചുകൊണ്ടിരിക്കാനും വേണ്ടി ഈ ബിൽ ഇപ്രകാരം കൊണ്ടുവന്നിരിക്കുന്നതാണെന്നു് എതു് മായനും അറിയാം. പച്ചമലയാളത്തിൽ പറഞ്ഞാൽ ഇന്നത്തെ മന്ത്രിമാക്കും അവരുടെ രാഷ്ട്രീയപാർട്ടിക്കും കയ്യായുധമായി ഉപയോഗിക്കുവാൻ വേണ്ടിയാണു് ഈ രാജ്യത്തെ ഹൈന്ദവസ്ഥാപനങ്ങളേയും ദേവസ്വങ്ങളേയും അതിൻറെ ഫണ്ടിനേയും ഈ വിധത്തിലുള്ള ഒരു ബില്ലിൻറെ പരിധിയിൽ കൊണ്ടുവരുന്നതു്. ദേവസ്വത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള @ ഫ ലക്ഷം രൂപാ ഈ രാജ്യത്തിൻറെ ക്ഷേമത്തിനുവേണ്ടി, ഹിന്ദുവല്ലാത്ത ഒരു ദിവാൻ ദേവസ്വം സ്വന്തക്കാർ കയ്യടക്കിയതിനു് പ്രതിഫലമായിട്ടു് കൊടുക്കുന്നതാണു്.

മി. സ്പീക്കർ: ഈ ബിൽ ഒരു വർഷത്തേക്കുമാത്രമെ ആവശ്യമുള്ളു എന്നു് സ്ഥാപിക്കുവാൻവേണ്ടിയുള്ള ഭേദഗതിയെപ്പറ്റി സംസാരിക്കുകയല്ലാതെ മറ്റു കാര്യങ്ങളെ സംബന്ധിച്ചു് ഈ അവസരത്തിൽ പ്രസ്താവിക്കേണ്ട ആവശ്യമില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: ഈ ബിൽ ഒരു കൊല്ലത്തേക്കു് മാത്രമെ നിലവിലിരിക്കാവൂ എന്നു സമർത്ഥിക്കുവാൻവേണ്ടി ചില കാര്യങ്ങളാ ഞാൻ പറയുന്നതാണു്. എതായാലും ഈ @ ഫ ലക്ഷത്തിൻറെ കാര്യം ഇതുവരേയും അവസാനിച്ചിട്ടില്ല. അതുസംബന്ധിച്ചുള്ള വാദപ്രതിവാദത്തിലേക്കു് ഇപ്പോൾ കടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ദേവസ്വം ബിൽ ഈ വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നതു് രാഷ്ട്രീയപാർട്ടിയുടെ പിൻബലം വച്ചുകൊണ്ടും അടുത്ത തെരഞ്ഞെടുപ്പിനെ ദീർഘദർശനം ചെയ്തുകൊണ്ടുമാണെന്നു ഹിന്ദുക്കളെ മനസ്സിലാക്കികഴിഞ്ഞിരിക്കുന്നു. എം. എൽ. എ. മാക്കും സാമുദായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ആളുകൾക്കും ഈ ബോർഡിൽ അംഗങ്ങളായിരിക്കുവാൻ പാടില്ലെങ്കിൽ പിന്നെ ആരാണു് ഇതിലെ അംഗങ്ങളായിരിക്കേണ്ടതു്. ഈ കാര്യങ്ങളെ സംബന്ധിച്ചു സഭ അവഗാഢമായി ചിന്തിക്കേണ്ടതാണു്. ഇന്നു് ആർഡിനൻസിനേയും കവനൻറിനേയും അടിസ്ഥാനമാക്കിയാണു് ദേവസ്വം ഭരണം നടത്തുന്നതു്. ഹിന്ദുക്കൾക്കു് അവരുടെ മതസ്ഥാപനങ്ങൾ രാഷ്ട്രീയപാർട്ടികൾ കൈകാര്യം ചെയ്യുന്നതു് ഇഷ്ടമല്ലാത്ത സംഗതിയാണെന്നു് എനിയ്ക്കുമറിയാം. മൂന്നുമാസത്തിനുമുമ്പുതന്നെ ദേവസ്വം ബിൽ പരസ്യംചെയ്തു ഹിന്ദുക്കളുടെ അഭിപ്രായം ആരാഞ്ഞതിൻറെശേഷം അതനുസരിച്ചു് ഇവിടെ ഒരു ബിൽ കൊണ്ടുവന്നു സ്ഥിരമായ നിയമമാക്കിയിരുന്നെങ്കിൽ അതിനു് പ്രതികരിക്കുവാൻ അവകാശമില്ലായിരുന്നു. ഈ രാജ്യത്തു സമുദായസൗഹാർദ്ദവും സമാധാനവും വേണമെന്നു പ്രസംഗിക്കുന്നവർ ഇക്കാര്യം മുൻപ്രകാരംതന്നെ ചെയ്യേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാൻ പ്രേരിപ്പിക്കാതെ ഹിന്ദുക്കളുടെ മതകാര്യങ്ങളിൽ കയ്യിടാതിരിക്കാൻ എൻറെ ക്രിസ്ത്യൻ സഹോദരന്മാരോടും മറ്റു അഹിന്ദുസഹോദരന്മാരോടും ഞാൻ അപേക്ഷിക്കുന്നു. ഇതു് ഹിന്ദുവിൻറെ മതപരമായ കാര്യമെന്നു പറഞ്ഞാൽ അതു് വേദനയുള്ള കാര്യമാണു്. ഈ ചട്ടവട്ടങ്ങൾ നിമിത്തം ഹിന്ദുക്കൾക്കുണ്ടായ ആശങ്ക ഈ ബിൽ അവതരിപ്പിച്ചവർ ശരിയായി മനസ്സിലാക്കാൻ അതിനുവേണ്ട പരിഹാരമുണ്ടാക്കാൻ ശ്രമിക്കേണ്ടതായിരുന്നു. മറ്റുമതക്കാരെ സംബന്ധിച്ചുള്ള നിയമങ്ങൾ ഈ സഭയിൽ കൊണ്ടുവരുമ്പോൾ ഓരോ മതക്കാർക്കും ഉണ്ടാകാവുന്ന വിചാരഗതികൾ സഭയിലെ ഇതരമതസ്ഥരായ അംഗങ്ങൾ പ്രത്യേകം മനസ്സിലാക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ ബിൽ ഒരു വഷ്ത്തേക്കുമാത്രം ഉദ്ദ്ദ്

ശ്രീ. വി. ശംഭാധരൻനായർ: ഹിന്തുമതസ്ഥാപനങ്ങൾ എല്ലാം രാഷ്ട്രീയപാർട്ടിയുടെ കയ്യിൽ ശാശ്വതമായി എടുക്കുവാനല്ലേ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതെപ്പറ്റി അല്ലാ ഞാൻ പറയുന്നത്. ദേവസ്വങ്ങളുടെ ഭരണത്തെ സംബന്ധിച്ച് ഇവിടെ ഒരു ഭരണരീതി മുൻപുണ്ടായിരുന്നു. ആ ഭരണരീതിക്കു വിരുദ്ധമായിട്ടല്ലെങ്കിലും അതിനെ പുതിയ ഒരു കമ്മിറ്റിയിലേക്കു കൈമാറ്റം ചെയ്യുകമാത്രമാണ് ഈ ബിൽകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിനുമുൻപു തിരുവിതാംകൂർ ദേവസ്വങ്ങളുടെ ഭരണം മഹാരാജാവിൽ നിക്ഷിപ്തമായിരുന്നെങ്കിൽ അദ്ദേഹത്തിനുള്ള അധികാരങ്ങളും അവകാശങ്ങളും, ദേവസ്വം ഭരണത്തെ സംബന്ധിച്ചിടത്തോളം, ദേവസ്വം ബോർഡിലേക്കു കൈമാറ്റം ചെയ്യുകമാത്രമാണ് ഈ ബിൽകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ ഹിന്തുക്കളുടെ മതപരമായ കാര്യങ്ങളിൽ ഈ ബിൽ ഇടപെട്ടിട്ടില്ല. മതം എന്നു പറയുന്നത് ഒരു വ്യക്തി സ്വകാര്യമായി വച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ആ സ്ഥിതിക്കു ഹിന്തുക്കളുടെ ആത്മീയകാര്യങ്ങളിലും മതപരമായ കാര്യങ്ങളിലും ഇടപെടുന്നു എന്നു പറയുന്നതിനു വലിയ അടിസ്ഥാനമില്ലെന്നു പറയുന്നതിനു ഞാനാഗ്രഹിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: മതത്തിന്റെ കാര്യം അങ്ങനെയായിരിക്കാമെങ്കിലും മതസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: മതസ്ഥാപനങ്ങളുടെ ഭരണത്തെ സംബന്ധിച്ച് ഇതിനുമുൻപു നിലവിലുണ്ടായിരുന്ന രീതികളും ക്രമങ്ങളും അതേപടി സ്വീകരിച്ചു പ്രവർത്തിക്കുന്നു എന്നാണ് ഈ ബിൽകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിനുമുൻപു നിലവിലിരുന്ന ഓർഡിനൻസിലെ വ്യവസ്ഥകൾ നോക്കിയാൽ അതിലും വളരെ വിപുലമായ അധികാരങ്ങളും അവകാശങ്ങളും ദേവസ്വം ബോർഡംഗങ്ങൾക്കു കൊടുത്തിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിക്കും. ഏതു ഉദ്ദേശത്തോടുകൂടിയാണോ ദേവസ്വം ഭരണം നടത്തണമെന്നു നാം ഉദ്ദേശിക്കുന്നത്, ആ ഉദ്ദേശം നടപ്പിൽ വരുത്തുവാൻ പര്യാപ്തമായ എല്ലാ അധികാരങ്ങളും അവകാശങ്ങളും ദേവസ്വം ബോർഡിനു പ്രദാനം ചെയ്യുകയാണ് ഈ ബില്ലുകൊണ്ടു നാം ഉദ്ദേശിക്കുന്നത്. വേറൊരുവാദം ഇവിടെ കൊണ്ടുവന്നതു ഇതു് ഒരു താല്ക്കാലിക നിയമം ആയിരിക്കണമെന്നാണ്. മാത്രമല്ല ഈ ബില്ലിലെ വ്യവസ്ഥകൾ പലതും അപൂർണ്ണമാണെന്നും വാദിക്കുകയുണ്ടായി. ഇതിലെ വ്യവസ്ഥകൾ അപൂർണ്ണമായിരിക്കാം. പൂർണ്ണമായ യാതൊരു നിയമവും ശാശ്വതമായി ഇതിനകം ലോകം സ്വീകരിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. മനുഷ്യസമുദായം പുരോഗമിക്കുന്നതോടുകൂടി പുതിയ സാഹചര്യങ്ങളിലും വ്യവസ്ഥിതിയിലും നിയമങ്ങളിൽ ആവശ്യമായ ഭേദഗതി അപ്പോഴപ്പോൾ വരുത്തുകയെന്നുള്ളതാണ് പരിഷ്കൃതലോകം സ്വീകരിച്ചിട്ടുള്ള നയമെന്നു ഞാൻ മനസ്സിലാക്കുന്നു. ശ്രീമാൻ ശങ്കർ അവർകളും ഇവിടെ ഒരു വാദം ഉന്നയിച്ചതു ദേവസ്വംബോർഡ് രാഷ്ട്രീയകാര്യങ്ങൾക്ക് അതീതമായിരിക്കണമെന്നും അതു സ്വാഗതാർഹമാണെന്നുമാണ്. ആ വ്യവസ്ഥ അദ്ദേഹം സ്വീകരിക്കുന്നുവെങ്കിലും ആ തത്വം ഭാഗികമായി മാത്രം ഈ ബില്ലിൽ നടപ്പിൽവരുത്തിയിട്ടുള്ളതു ശരിയല്ലെന്നു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഭാഗികമായി നടപ്പിൽ വരുത്തുന്നു എന്നുള്ളതു വാദത്തിനുവേണ്ടി സമ്മതിക്കാൻ തയ്യാറാണെങ്കിലും അദ്ദേഹം പറഞ്ഞതു കവനൻറിലെ വ്യവസ്ഥകൾ നിലവിലിരിക്കുന്നിടത്തോളം കാലം ഭാഗികമായിമാത്രമെ നടപ്പിൽവരുത്തുവാൻ സധിക്കുകയുള്ളുവെന്നാണ്. കവനൻറിലെ വ്യവസ്ഥകൾ പുനഃപരിശോധന ചെയ്യേണ്ടതു് ആവശ്യമാണെന്നു ശ്രീ. പി. എസ്സ്. നടരാജപിള്ള അവർകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ശ്രീ. നടരാജപിള്ള അവർകളും അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, ഞാൻ ഒരവസരത്തിൽ കവനൻറിലെ വ്യവസ്ഥകൾ മാറ്റേണ്ടതു് അത്യാവശ്യമാണെന്നു പ്രസ്താവിച്ചു എന്ന്. അങ്ങിനെ ഞാൻ പറഞ്ഞിട്ടുണ്ട്, ഇന്നും പറയുന്നു, നാളെ അതു് ആവർത്തിക്കുകയും ചെയ്യുമെന്നാണ് എന്റെ വിശ്വാസം. കവനൻറിലെ വ്യവസ്ഥകൾ പുനഃപരിശോധനചെയ്തു സാരമായ വ്യത്യാസങ്ങൾ വരുത്താതിരിക്കുന്നിടത്തോളംകാലം തത്വപരമായി ദേവസ്വം ഭരണം രാഷ്ട്രീയ പ്രവർത്തനങ്ങൾക്കു് അതീതമായിരിക്കുമെന്നു പറയാവുന്നതല്ല. ഈ വ്യവസ്ഥകൾ മാറ്റുന്നതുവരെ ഈ തത്വം ഭാഗികമായിമാത്രമെ നടപ്പിൽവരുത്തുവാൻ സാധിക്കുകയുള്ളുവെന്നു വ്യക്തമാണ്. അതുകൊണ്ട് കവനൻറിലെ വ്യവസ്ഥകൾ മാറ്റേണ്ടതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ള അഭിപ്രായത്തോട് ഞാനും വ്യക്തമായി യോജിക്കുന്നു. അതിലേക്കുവേണ്ടി എല്ലാവരും ശ്രമിക്കണമെന്ന് ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഞാൻ പ്രസ്താവിക്കുകയുണ്ടായി. കവനൻറിലെ വ്യവസ്ഥകൾ മാറ്റുവാൻ എത്രകാലം വേണ്ടിവരുമെന്ന് ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ലെങ്കിലും അതിലെ വ്യവസ്ഥകൾ മാറണമെന്നും മാറ്റാൻ ശ്രമിക്കുന്നതാണെന്നും പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. ഗംഗാധരൻനായർ: കവനൻറിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഗവൺമെണ്ടിൻറെ അഭിപ്രായം എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടു് അതേപ്പറ്റി ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: കവനൻറിലെ വ്യവസ്ഥകൾ മാറ്റുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിക്കുവാൻ ഗവൺമെണ്ടു തയ്യാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമസഭയുടെ അഭിപ്രായം അനുസരിച്ചു് അതു ചെയ്യുന്നതിനു ഗവൺമെണ്ടിനു വിരോധമുണ്ടാകുമെന്നു വിചാരിക്കുന്നതിനു കാരണമില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: ഗവൺമെണ്ടു്, ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്ന കുഴപ്പങ്ങൾക്കു കാരണക്കാരായതുകൊണ്ടു് ഒരു കമ്മിറ്റിയെ നിയമിക്കുന്നതു സംബന്ധിച്ചുള്ള ചുമതല വഹിക്കുവാൻ തയ്യാറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പല സംഗതികളും ഉൾക്കൊള്ളുന്നുണ്ടു്. കുഴപ്പം ഉണ്ടാക്കിയിട്ടുള്ളതു് ഗവൺമെണ്ടല്ല. അതു പേറെ ആളുകളാണു്. ഏതായാലും ഇതു് ഒരു വാദവിഷയമാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. കുഴപ്പങ്ങൾ എന്തെങ്കിലും ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുവാൻ ഗവൺമെണ്ടിനെപ്പോലെ തന്നെ കുഴപ്പം ഉണ്ടാക്കിയവർക്കും ചുമതല ഉണ്ടെന്നു അവരെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

എനിക്കു ഇത്രമാത്രമേ പറയുവാനുള്ളൂ. കവനൻറിലെ വ്യവസ്ഥകൾ പുനഃപരിശോധന ചെയ്യുന്നതിനുവേണ്ടി എല്ലാവരും പരിശ്രമിക്കേണ്ടതാണു്. അങ്ങനെ പുനഃപരിശോധന ചെയ്തു് ഈ പ്രശ്നത്തിൻറെ ആവശ്യമനുസരിച്ചു് ഒരു നിയോജകമണ്ഡലം സൃഷ്ടിക്കുന്നതിൽ ഗവൺമെണ്ടു വിരോധമനോഭാവം കൈക്കൊള്ളുകയില്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഈ നിയമസഭയ്ക്കു കവനൻറിലെ വ്യവസ്ഥ ഭേദഗതി ചെയ്യാൻ അധികാരമുണ്ടോ?

Mr. Speaker: That question is not allowed. It is purely a question of law.

Sri. K.P. Nilakanta Pillai: My question is whether the Covenant is the supreme authority or this House is the supreme authority. It is not a question of law. It is a question of fact.

Mr. Speaker: It is a question of law—a question of interpretation whether this House has the right to change the provisions of the Covenant. Questions of law are, no doubt, founded on facts.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: കവനൻറിലെ വ്യവസ്ഥകൾക്കു വ്യത്യാസം വരുത്തുവാൻ അധികാരമില്ലെങ്കിൽ പിന്നെ ഏതു ബേസിസിലാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കവനൻറിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ അധികാരമില്ലെന്നുള്ള അടിസ്ഥാനത്തിൽ തന്നെയാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഈ വസ്തുത ഇതിനുമുമ്പു് ഒരു അവസരത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണു്.

സർ, ഞാൻ എൻറെ പ്രസംഗം തുടരുന്നു. ഈ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു് ഈ നിയമം ഒരു കൊല്ലത്തേക്കുമാത്രമേ പ്രാബല്യത്തിൽ ഇരിക്കുവാൻ പാടുള്ളൂ വന്നാണു്. ഞാൻ ഇതിനെ എതിർക്കുന്നതു് എന്തുകൊണ്ടാണെന്നുവച്ചാൽ കവനൻറിലെ വ്യവസ്ഥകൾ ഒരു പക്ഷെ ഒരു കൊല്ലത്തിനുമുമ്പുതന്നെ ഭേദഗതി ചെയ്യുവെന്നുവരാം. ഒരുപക്ഷെ ഒരു കൊല്ലംകൊണ്ടു സാധിച്ചില്ലെന്നും വരാം. ഏതായാലും കവനൻറിലെ വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

മാറേണ്ടതു് ആവശ്യമാണെന്നു് എല്ലാവരും സമ്മതിക്കുന്ന സ്ഥിതിക്കു, അതിനുവേണ്ടി എല്ലാവരും ശ്രമിക്കുന്നപക്ഷം, ഒരുപക്ഷെ ഒരു കൊല്ലത്തിനകംതന്നെ എല്ലാവരും അംഗീകരിക്കാവുന്ന ഒരു നിയോജകമണ്ഡലം സൃഷ്ടിക്കുവാൻ സാധിക്കുന്നതാണു്.

ശ്രീ. മന്നത്തു പത്മനാഭൻ: അതിന്റെ ചുമതല വഹിക്കുന്നതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ചുമതല ശ്രീമാൻ മന്നത്തു പത്മനാഭനും ബാക്കിയുള്ളവർക്കും ഉള്ളതുപോലെ ഗവണ്മെണ്ടിനും ഉണ്ടു് എന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല.

ശ്രീ. മന്നത്തു പത്മനാഭൻ: അങ്ങിനെയാണെങ്കിൽ എന്നെയും എന്നെപ്പോലെയുള്ള കുറെ ആളുകളേയും ചേർത്തു് ഒരു കമ്മിറ്റിയുണ്ടാക്കുവാൻ ഗവണ്മെണ്ടു തയ്യാറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്മിറ്റിയുടെ നിയമനത്തെ സംബന്ധിച്ചു് എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കമ്മിറ്റി ആവശ്യമാണെന്നു നിയമസഭയ്ക്കു ബോദ്ധ്യപ്പെട്ടാൽ ഒരു കമ്മിറ്റിയെ നിയമിക്കുവാൻ ഗവണ്മെണ്ടു സന്നദ്ധമാണു്. അതേപ്പറ്റി ആലോചിക്കുന്നതുമാണു്.

ശ്രീ. മന്നത്തു പത്മനാഭൻ: ഈ അസംബ്ലിക്കു് ഒരു കമ്മിറ്റിയെ രൂപീകരിക്കുന്നതിനുവേണ്ടി ഞങ്ങൾക്കു സൌകര്യം നൽകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: മൂലനസരിച്ചു് മെമ്പറന്മാർക്കു പ്രമേയം ഹാജരാക്കാവുന്നതാണു്. അതനുസരിച്ചു് ശ്രീമാൻ മന്നത്തു പത്മനാഭൻ ഒരു പ്രമേയം ഹാജരാക്കുന്നപക്ഷം ഈ സഭ ഗൌരവപൂർവ്വം അതെപ്പറ്റി ചിന്തിക്കുന്നതാണു്.

എനിക്കു അവസാനമായി പറയുവാനുള്ളതു്, ഈ ബിൽ ഒരു കൊല്ലത്തേക്കുമാത്രമെ നിയമമായിരിക്കുവാൻ പാടുള്ളുവെന്നു പറയുന്നതിൽ വലിയ അർത്ഥമില്ലെന്നാണു്. ഈ ബിൽ നിയമമായാൽ അതിനെ ഭേദഗതി ചെയ്യുവാനുള്ള അവകാശം ഈ നിയമസഭയ്ക്കുണ്ടു്. അതിനുംപുറമെ പുതിയ സാഹചര്യങ്ങളും സംജാതമാകുന്നപക്ഷം ഈ ബില്ലിൽ ആവശ്യമുള്ള ഭേദഗതികളും ചെയ്യുന്നതിനും, വേണമെങ്കിൽ റദ്ദു് ചെയ്യുന്നതിനുകൂടിയും ഗവണ്മെണ്ടിനു് അധികാരമുണ്ടായിരിക്കുന്നതാണു്. ഈ സ്ഥിതിക്കു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: പാട്ടി ഗവണ്മെണ്ടു് ഉള്ളിടത്തു മറാക്കെങ്കിലും ഇപ്രകാരം ഒരു ബിൽ പാസാക്കിക്കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പാട്ടി ഗവണ്മെണ്ടു് ഉള്ളിടത്താണു് ഇതെല്ലാം എളുപ്പം സാധിക്കുന്നതു്.

Mr. Speaker: The decision on these amendments will affect all the other amendments from 17 to 30, except amendment No. 18, in the list.

The amendments were put and lost

Sri. Mannar Gopalan Nayar: I demand a poll.

A poll was taken when the House divided as follows:

Ayes—37

1. Sri. A. Nesamony
2. ,, K. Sivarama Pillai
3. ,, D. Gnanasigamoni
4. ,, P. Thanulingam Nadar
5. ,, A. Thanu Pillai
6. ,, K. P. Nilakanta Pillai
7. ,, C. V. Iyyu
8. Sahib Bahadur T. A. Moideen Kunju
9. Sri. V. Gangadharan Nayar
10. ,, P. C. Adichan
11. Sahib Bahadur A. Abdul Razaak
12. Sri. S. Ambrose
13. Sri. Chellaswami Nadar
14. ,, Elias
15. ,, Gabriel Nadar
16. ,, T. Kochukrishna Pillai
17. ,, D. Ponniah
18. ,, Mannar Gopalan Nayar
19. ,, P. S. Nataraja Pillai
20. ,, Mannathu Padmanabhan
21. ,, M. Palpu
22. ,, U. K. Vasudevan Asari
23. ,, C. C. Prasad
24. ,, A. K. Patchu Pillai
25. ,, K. Ramakrishnan Achari

LIBRARY ARCHIVES Kerala Legislative Assembly

26. Sri. Ponnara G. Sreedhar
27. „ K. Ramachandran
28. „ R. K. Ram
29. „ Sadasivan
30. „ A. Ramasubramonia Karayalar
31. „ Sree V. Das
32. Sri. A. Easwara Pillai
33. „ R. Sankar
34. „ Kannara Gopala Panicker
35. „ P. K. Kumaran Asari
36. „ P. C. Adichan
37. „ M. Govindan

Noes

1. Sri. T. K. Narayana Pillai
2. „ A. J. John
3. „ Panampilli Govinda Menon
4. „ E. John Philipose
5. „ N. Kunjuraman
6. „ K. Kochukuttan
7. „ K. Ramakrishna Pillai
8. Sahib Bahadur V. A. Abdul Aziz
9. Sri. C. Narayana Pillai
10. „ K. R. Elankath
11. „ N. V. Chacko.
12. „ K. Balakrishna Marar
13. „ Alexander Parambithara
14. „ R. Atchuthan
15. „ P. K. Krishnankutty Menon
16. „ A. M. Thomas
17. „ Cheriyan J. Kappan
18. Miss. Accamma Cheriyan
19. Sri. P. K. Dewar
20. „ C. Kesavan
21. Dr. E. K. Madhavan
22. „ G. P. Nilakanta Pillai
23. Sahib Bahadur K. H. Sulaiman
24. Sahib Bahadur T. A. Abdulla
25. Sri. Abdul Majeed
26. Sri K. T. Atchuthan
27. „ Albert Lopez
28. Miss Annie Joseph
29. Sri. Alexander Vakayil
30. „ Krishnan Ayyappan
31. „ P. Balakrishnan Tampi
32. „ T. S. Bhandhu
33. „ E. Bhaskaran
34. „ K. M. Chandy
35. „ K. K. Chellappan Pillai
36. „ N. D. Jose
37. „ T. V. Devan
38. „ Ambat Eachara Menon
39. „ V. O. Markos
40. „ V. Madhavan
41. „ Mankuzhi M. Madhavan
42. „ P. S. Madhavan Vaidyan
43. „ K. Kuttappan
44. „ S. Kuttan
45. „ A. K. George
46. „ P. Kunjukrishnan
47. Sri. P. Gopalan.
48. „ Konnanathu Kunjirama Menon
49. „ T. K. Kunjayyappan
50. „ A. L. Jacob
51. „ A. V. Joseph
52. „ K. S. Joseph
53. „ Joseph Malieckal
54. „ K. M. Korah
55. „ N. S. Kochukunju
56. „ Joseph Mathen
57. „ T. T. Kesavan Sastri
58. „ K. Karunakaran
59. „ Joseph Thumbasseri
60. „ A. K. Sankunni
61. „ Pandavathu Sankara Pillai
62. „ T. M. Sannalan
63. „ K. Sarangadharan
64. „ Raphael J. Rodriguez
65. „ M. Raman Pillai
66. „ P. K. Raman
67. „ K. Sekhara Panicker
68. „ A. P. Udayabhanu
69. „ E. P. Poulose
70. „ Paul Thaliath
71. „ M. C. Mathew
72. Sahib Bahadur K. C. Mayankutty Methar
73. Sri. M. K. Menon
74. Sahib Bahadur A. M. Mustaffa
75. Sahib Bahadur K. A. Mohammed
76. Sahib Bahadur P. S. Mohammed
77. Sri. P. Nanoo
78. „ S. Nilakanta Ayyar
79. „ C. Narayanan
80. „ K. K. Viswanathan
81. „ K. I. Velayudhan
82. „ K. K. Vasu Panicker
83. „ M. Varkey
84. „ V. K. Varghese
85. „ N. P. Varghese
86. „ P. M. Varghese
87. „ M. I. Paul
88. „ P. K. Paul
89. „ K. Ayyappan

Neutral.—1:

1: Sri. Ittiera Ambookan.

The motion was declared lost, 37 voting for, 89 voting against and 1 remaining neutral.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 2

Sri. K. P. Nilakanta Pillai: Sir, I move that in Clause 2 (*a*) the following may be added at the end of the clause.—

"In accordance with the Covenant".

As amended the Clause will read like this.—

"'Board" means the Travancore Devaswam Board constituted under Chapter II of this Act in accordance with the Covenant".

Sri. T. K. Narayana Pillai: Sir, I accept that amendment.

The motion was adopted.

Sri. K. P. Nilakanta Pllai: Sir, I move:

"In Clause 2 (*b*) add the following after the words 'thereof' and 'and' "as a place of public religious worship".

ഭേദഗതിയോട്കൂടി ഈ വകുപ്പ് ഇപ്രകാരം വായിക്കാം:

(*b*) "Hindu Religious Endowment means—

(*i*) every Hindu temple or shrine or other religious endowment dedicated to, or used as of right by, the Hindu community or any section thereof as a place of public religious worship; and.....

സർ, ഈ ഭേദഗതി വളരെ ആവശ്യമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ചീഫ് മിനിസ്റ്റർ അല്പം മുമ്പ് നടത്തിയ പ്രഭാഷണത്തിൽനിന്നും ഈ ബില്ല് ആത്മീയമായ കാര്യങ്ങളിലൊന്നും ഇടപെടുന്നില്ലെന്നും, ഇപ്പോൾ നിലവിലുള്ള അധികാരങ്ങളെ ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ച് ഭർവിനിയോഗം ചെയ്യുന്നില്ലെന്നും, ഏറ്റവും സങ്കുചിതത്തോട്കൂടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നും, മഹാരാജാവ് തിരുമനസ്സുകൊണ്ട് ദേവസ്വം സംബന്ധമായി നാളത്തുവരെ കൈകാര്യം ചെയ്തുപോന്നിരുന്ന കാര്യങ്ങളെ ഒരു ബോർഡു സ്ഥാപിച്ച് അതിനെ വിട്ടുകൊടുക്കുകമാത്രമാണ് ചെയ്തിട്ടുള്ളത് എന്നും മറ്റും പ്രസ്താവിക്കയുണ്ടായി. ഈ ഭേദഗതി ഈ അവസരത്തിൽതന്നെ ഹാജരാക്കുന്നതിനെ എന്നെ പ്രേരിപ്പിച്ചതു് ഈ ബില്ലിൽ അടങ്ങിയിട്ടുള്ള മറ്റു ചില വ്യവസ്ഥകളാണ്. ദേവസ്വം ബോർഡിലെ ഏതെങ്കിലും ഒരു മെമ്പറുടെ നടപടിദുഷ്യത്താലൊ, മറ്റേതെങ്കിലും കുറ്റംകൊണ്ടൊ ആ മെമ്പറെ ബോർഡിൽനിന്നു നീക്കംചെയ്യണമെന്നുണ്ടെങ്കിൽ അതിനു് ഏതൊരു ഹിന്ദുവിനും അവകാശമുണ്ടെന്നും ഹൈക്കോടതിയിൽ ഒരു ഹർജികൊടുത്തു് ഏതൊരാൾക്കും ആ മെമ്പറെ മാറ്റാൻ സാധിക്കുമെന്നും ഈ ബില്ലിൽ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ ഏതൊരു ഹിന്ദുവിനും ഹൈക്കോടതിയിൽ ഹർജികൊടുത്തു് ബോർഡ് മെമ്പറെ മാറ്റാമെന്നു പറഞ്ഞാൽ അതിനു എത്രമാത്രം വ്യാപ്തിയുണ്ടു് എന്നുള്ളതു് അവ്യക്തമാണ്. ഈ വ്യവസ്ഥ അനുസരിച്ചു പേരിനുമാത്രം ഹിന്ദുവായിട്ടുള്ള ഒരാൾക്കു്, അതായതു ക്ഷേത്രസംബന്ധമായ കാര്യങ്ങളിൽ യാതൊരു വിശ്വാസവും ഇല്ലാത്തവനും, യാതൊരു താല്പര്യമില്ലാത്തവനും, ക്ഷേത്രസംബന്ധമായ നിബന്ധനകളിൽ ഉൾപ്പെട്ടനടക്കുന്നില്ലാത്തവനും, നടക്കാൻ സമ്മതമില്ലാത്തവനുമായ ഒരാൾക്കുപോലും, ക്ഷേത്രങ്ങളുടേയും മറ്റു മതസ്ഥാപനങ്ങളുടേയും നന്മയെ ലാക്കാക്കി ഉണ്ടായിട്ടുള്ള ഒരു ബോർഡിലെ അംഗങ്ങളെ മാറ്റാനുള്ള അധികാരം സിദ്ധിക്കുന്നില്ലേ എന്നു് എനിക്കു സംശയമുണ്ടു്. ബില്ലനുസരിച്ചു് ആ അവകാശം അങ്ങനെ ഒരാൾക്കു് ഉണ്ടെന്നതന്നെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ വകുപ്പിൽ "the Hindu Community or any section thereof" എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും അതു അവ്യക്തമായതുകൊണ്ടാണു് "as a place of public religious worship" എന്നുകൂടി ചേർക്കണമെന്ന ഈ ഭേദഗതി ഞാൻ ഹാജരാക്കുന്നതു്. അല്ലാത്തപക്ഷം ഏതൊരു ഹിന്ദുവിനും ക്ഷേത്രത്തിൽപ്രവേശിച്ചു് ആരാധനനടത്തുന്നതിനും, മറ്റു ഹിന്ദുമത എൻഡോവുമെന്റുകളുടെ അവകാശം കിട്ടാൻ അർഹതയുണ്ടെന്നു വാദിക്കുന്നതിനും ഇടവരുന്നതും അതിനെ ആക്ഷേപിക്കാൻ സാധ്യമല്ലാതെവരുന്നതുമാണു്. ക്ഷേത്രങ്ങളിലും ക്ഷേത്രാരാധനയിലും ആത്മാർത്ഥമായ യാതൊരു വിശ്വാസവുമില്ലാത്ത ഒരാൾക്കു് അങ്ങനെ ഒരു അവകാശം നൽകുന്നതു് അത്ര ശരിയായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഹിന്ദു എന്നു പറഞ്ഞാൽ, പേരിനുമാത്രം ഹിന്ദുവായിട്ടുള്ള ഒരാൾക്കും ക്ഷേത്രാരാധനയിൽ യഥാർത്ഥമായ വിശ്വാസമുള്ള ഒരാൾക്കും ഇക്കാര്യത്തിൽ ഒന്നുപോലെയുള്ള അവകാശം നൽകുന്നതായി പരിഗണിക്കാമൊ എന്നു വ്യക്തമായി വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നു. ഹിന്ദുവെന്നു പറയുന്ന ഏതൊരാൾക്കും ക്ഷേത്രത്തിൽപോയി ആരാധന നടത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

മൌലികമായ അവകാശമുണ്ട്. ആ അവകാശത്തെ ആക്ഷേപം ചോദ്യംചെയ്യാൻ സാദ്ധ്യമല്ല. അതാണ് 'Hindu religious endowment' എന്നു പറയുന്ന ക്ഷേത്രത്തെയൊ, ക്ഷേത്രത്തിലെ പ്രതിഷ്ഠയേയൊ അല്ലെങ്കിൽ മറേതെങ്കിലും മതസ്ഥാപനത്തേയൊ "as a place of public religious worship" എന്നു കണക്കാക്കണമെന്നു പറയുന്നതിന്റെ സാരം. ഹിന്ദുക്കളിൽ ഏതെങ്കിലും ഒരു ചെറിയ വിഭാഗം ഏതെങ്കിലും ഒരു കേന്ദ്രത്തെ ആരാധനാസ്ഥലമാക്കി പൂജ നടത്തുന്നുണ്ടായിരിക്കാം. അതായതു് ഹിന്ദുമതമായം മുഴുവൻ പൊതുവായി ഹിന്ദുസ്ഥാപനമായി അംഗീകരിച്ചിട്ടില്ലാത്ത ഏതെങ്കിലും സ്ഥാപനത്തെ ആരാധനാസ്ഥലമാക്കി പൂജ നടത്തുന്നുണ്ടായിരിക്കാം. സാമാന്യ അർത്ഥത്തിൽ അങ്ങനെയുള്ള ആളുകളും ഹിന്ദുക്കളാണ്. ക്ഷേത്രത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമില്ലാത്ത ആളുകളും ഹിന്ദുക്കളായിട്ടുണ്ടാകാം. ആ സ്ഥിതിക്കു് ഹിന്ദുവെന്നു പറയുന്നതിന്റെ അർത്ഥം ശരിയായി നിർവചിച്ചിട്ടില്ലെങ്കിൽ ഹിന്ദുമതത്തിലൊ ഹിന്ദുമതസ്ഥാപനങ്ങളിലൊ യാതൊരു വിശ്വാസവും താല്പര്യവുമില്ലാത്ത ഒരാൾ ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു യഥാർത്ഥ ഹിന്ദുവിനു് ഉണ്ടായിരിക്കേണ്ടതായ സകല അവകാശങ്ങളും മറ്റുള്ളവക്കൊപ്പം കൈവശപ്പെടുത്താൻ ഇടയാകുന്നതാണു്. അങ്ങനെ ഒരു വിഷമം ഉണ്ടാകാതെയിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ആക്ഷേപം എതിരഭിപ്രായമുണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഞാൻ കുറെ ഭേദഗതികൾ കൊടുത്തിരുന്നു. അവയൊന്നും ഇവിടെ വന്നിട്ടില്ല. ഞാൻ നേരിട്ടുചെന്നു് എന്റെ ഭേദഗതികൾകൂടി സ്വീകരിക്കണമെന്നു അപേക്ഷിച്ചുകൊണ്ടാണു് കൊടുത്തതു്. എന്നാൽ അവയൊന്നും ഇക്കൂട്ടത്തിൽ കാണുന്നില്ല. അവയൊന്നും സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ടാണൊ, അതൊ ടൈപ്പുചെയ്യുവാത്തതുകൊണ്ടാണൊ ഇവിടെ വിതരണം ചെയ്യാത്തതു് എന്നു അറിയാൻ നിവൃത്തിയില്ല. ടൈപ്പുചെയ്യുവാത്തതുകൊണ്ടാണെങ്കിൽ ഇനിയെങ്കിലും താമസിക്കാതെ അതു ടൈപ്പുചെയ്തു വിതരണം ചെയ്യുന്നതിനു് ഏർപ്പാടുചെയ്താൽകൊള്ളാം.

മി. സ്പീക്കർ: ഭേദഗതികൾ എപ്പോഴാണു് കൊടുത്തതു്?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒൻപതുമണിക്കു് കൊടുക്കാൻ സാധിച്ചില്ല; എങ്കിലും പത്തരമണിക്കുമുമ്പുതന്നെ ഞാൻ കൊടുത്തു.

മി. സ്പീക്കർ: താമസിച്ചുപോയതുകൊണ്ടു് അവ സ്വീകരിച്ചിട്ടില്ലെന്നു മനസ്സിലാക്കാം.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ബില്ലിൽ ഹിന്ദു റിലിജിയസു് എൻഡൊവുമെൻറു് എന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം എന്താണെന്നു വിശദമാക്കാൻവേണ്ടി അതിനു ഒരു നിർവചനമാണു് ഈ ഉപവകുപ്പിൽ കൊടുത്തിട്ടുള്ളതു്. ഒരു തെറ്റിദ്ധാരണയുടെ ഫലമല്ലേ ഈ ഭേദഗതിയെന്നു ഞാൻ സംശയിക്കുന്നു. എന്നതന്നെയുമല്ല ഈ ഭേദഗതിക്കു യാതൊരു പ്രസക്തിയുമില്ല. അതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. K. Sivarama Pillai: Sir, I move that the whole of sub-clause (*ii*) of (*b*) may be deleted.

Sir, why I move this amendment is that this provision relates to private trusts. The Hon'ble Chief Minister has said in unambiguous terms that this Bill is brought on the basis of the provision of the Covenant and so we cannot go against it. The Covenant, evidently deals with all Devaswams whether incorporated or unincorporated which were directly under the management of the Ruler of Travancore till the first day of July 1949. Evidently the Ruler of Travancore had no control over private trusts, and therefore he could not enter into a Covenant to transfer them to the Devaswam Board. I am referring particularly to Article 8 (c) of the covenant which says: "The administration of the incorporated and unincorporated Devaswams and of Hindu Religious Institutions and Endowments, and all their properties and funds as well as the fund constituted under the Devaswam Proclamation 1097 M.E. and the surplus fund constituted under the Devaswam (Amendment) Proclamation, 1122 M.E., *which are under*

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Sivarama Pillai]

the management of the Ruler of the Covenanting State of Travancore.....shall with effect from the first day of August 1949 vest in a Board known by the name of the Travancore Devaswam Board". Those trusts which were never under the management of the Ruler of Travancore are sought to be defined under this clause. It may be contended that after all it is only a definition. But clause 15 (1) says that the jurisdiction or authority which vested under the Devaswam Proclamation is sought to be given to the Board. The Covenant does not transfer any such right in respect of Private Trusts to the Board. I think he Hon'ble Chief Minister will accept this amendment.

Sri. P. S. Nataraja Pillai: I support this amendment. This is only a consequential provision, especially after the acceptance of the amendment moved by Mr. K. P. Nilakanta Pillai, that the Board means 'a Board constituted in accordance with the Covenant'. The Covenant envisages only the management of incorporated and unincorporated Devaswams. It is no doubt true that the Legislature can legislate for charitable Religious Endowments under general law. This Legislature has the right to enact any measure for the supervision and control of charitable and religious trusts. There is no logic in the present attempt to bring in charitable endowments and trusts under a scheme, which are being formulated in accordance with the Covenant. According to the view taken by the Treasury Benches, this Government exists today as a result of the Covenant and is bound by the terms of that Covenant. It becomes the duty of the Government therefore to view the question from that angle and make a legislation to create a Board for the control of incorporated and unincorporated Devaswams. Let not other religious institutions and charitable trusts which are outside the scope of the Covenant be brought within the preview of this Bill and thus made a gamble of these institutions for political parties to play with. I deliberately use that word because I am afraid that these institutions will become a plaything in the hands of political parties. The Board constituted, under the terms of the Covenant, is likely to be the creature of the political party. The Hindu members of the Legislature are likely to be guided by political considerations and surely the Hindu Ministers cannot exercise their free will, as they depend on the vote of the party members for their position. Therefore it is not fair that such a Board should be vested with power to control the destinies of charitable endowments and trusts. Let separate legislation be undertaken if necessary so that the control of charitable endowments and trusts be made more effective. This Legislature can do untrammelled by the conditions imposed by the Covenant. The position taken up by Mr. Sivarama Pillai is so fair and so just that I think everyone, who feels that these trusts should be managed in the interests of the people who created it and in accordance with the ideals with which they were founded, will accept it. Such trusts should not be allowed to be controlled by a Board, which is created according to the dictates of Political parties that are in power from time to time. It is better that we take those trusts outside the purview of this Bill and free them from the controlling power of this Bill. This Bill should be confined to the terms of the Covenant and the Covenant contemplates only control over incorporated and unincorporated Devaswams. I urge upon the House to consider this aspect and to limit the provisions of this Bill to this extent.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. രണ്ടു കാര്യങ്ങളാണു് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് അതിനു അനുകൂലമായി പറഞ്ഞതു്. ഒന്നാമതു് ഇതു കവനൻറിനു വിപരീതമാണെന്നു്. രണ്ടാമതായി ദേവസ്വംബോർഡിനെ രാഷ്ട്രീയകക്ഷിയുടെ ഒരു ഉപകരണമാക്കിയിരിക്കുന്നസ്ഥിതിക്കു പ്രൈവറ്റസ്റ്റുകളേയും രാഷ്ട്രീയകക്ഷികളുടെ ആയുധമാക്കിത്തീർക്കരുതെന്നു്.

ഒന്നാമത്തെകാര്യത്തെപ്പറ്റി എനിക്കുപറയുവാനുള്ളതു് ഇതു കവനൻറിലെ വ്യവസ്ഥകൾക്കു വിപരീതമല്ലെന്നാണു്. കവനൻറുവായിച്ചു നോക്കിയാൽകാണാം. മഹാരാജാവിൻറെ നിയന്ത്രണത്തിലും സൂപ്പർവിഷനിലും ഇരുന്നിട്ടുള്ള മറ്റസ്ഥാപനങ്ങളേയുംകൂടി അതു ബാധിക്കുമെന്നു്. ഫാ ർ ൻ–ലെ ന–ാം ആക്ടിൽനിന്നും ഈ സ്ഥാപനങ്ങളും മഹാരാജാവിൻറെ കൺട്രോളിലാണു് ഇരുന്നിട്ടുള്ളതെന്നുകാണാം. ആ ആക്ടിൽ ഉപയോഗിച്ചിട്ടുള്ള അതേ പദങ്ങൾതന്നെയാണു് ഇവിടെയും ഉപയോഗിച്ചിട്ടുള്ളതു്. ഫാ ർ ൻ–ലെ ന–ാം ആക്ടിൽ പറയുന്നതു്.

"Every other Hindu Endowment or fund, by whatever local designation known, all property and endowments and everything connected therewith whether wholly or partly to religious or partly to charitable and other purposes....."

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ഈ വ്യവസ്ഥകളനുസരിച്ച് അന്ന താവമ്പെണ്ടിനണ്ടായിരുന്ന അധികാരങ്ങളെല്ലാം ദേവസ്വംബോർഡിലേക്ക കൈമാറ്റംചെയ്യുക മാത്രമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അതിലെ പ്രൊവൈസോ വായിക്കുന്നപക്ഷം സിങ്കിംടസ്റ്റിനെസം ബന്ധിച്ച് ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമായിരിക്കുകയില്ലെന്നും മനസ്സിലാക്കാവുന്നതാണ്.

"But shall not include any religious institution belonging to and under the sole management fa single family".

എന്ന പറയുന്നതുകൊണ്ട് സിങ്കിംടസ്റ്റ് അതിന്റെ പ്രവർത്തനപരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നുള്ളതു വ്യക്തമാണ്.

രണ്ടാമത്തെ വാദത്തിനു പ്രത്യേകിച്ചു മറുപടി പറയേണ്ട ആവശ്യമില്ല. രാഷ്ട്രീയ കക്ഷികളുടെ ഒരു ഉപകരണമായിപ്പോകുമെന്നവാദത്തിനു യാതൊരടിസ്ഥാനവുമില്ലെന്നു മാത്രമെ എനിക്ക അതിനു സമാധാനമായി പറയുവാനുള്ളൂ.

Sri. K. Sivarama Pillai: What is the particular article in the Covenant, which confers the right over temples over which His Highness has supervision or control?

ശ്രീ. ടി. കെ. നാരായണപിള്ള: മി. ശിവരാമപിള്ളയ്ക്കുതന്നെ അറിയാവുന്ന ഒരു സംഗതിയാണല്ലൊ. സൂപ്പർവിഷനും കൺട്രോളിനുംകൂടി അധികാരമുണ്ട്.

"The administration of the incorporated and unincorporated Devaswoms and of Hindu Religious Institutions and Endowments, and all their properties and funds as well as the fund constituted under the Devaswam Proclamation 1097 M. E. and the surplus fund constituted under the Devaswom (Amendment) Proclamation, 1122 M. E., which are under the management of the Ruler of the Covenanting State of Travancore.....vest in a Board known by the name of the Travancore Devaswom Board." എന്നാണ് പറഞ്ഞിട്ടുള്ളത്.

The amendment was put and lost.

Sri. K. P. Nilakanta Pillai: Sir I move.

"In Clause 2 (*d*) I substitute the words "born Hindu" for the word 'person' and substitute the word 'and' for the word 'or' after 'temple' in line 3."

സർ, ഈ ഭേദഗതി "a person interests" എന്നുള്ളതിനെ നിർവചിച്ചിരിക്കുന്നതു സല്പുംഭേദപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഞാൻ ഇതിനു മുൻപു പറഞ്ഞതുപോലെ ഒരാൾ കോവിലിൽപോകാൻ അവകാശമുള്ളവനോ, അല്ലെങ്കിൽ കോവിലിൽ പോറ്റിമാർ കൊടുക്കുന്ന പ്രസാദം വാങ്ങിക്കുവാൻ അവകാശം ഉണ്ടെന്നു പറയുന്നവനോ ആയിരുന്നാലും അല്ലെങ്കിലും ആയാളിനു ഈ ബില്ലിലെ അവകാശമെല്ലാം കിട്ടാൻ അവകാശമുണ്ട്. അങ്ങനെ കിട്ടാൻ പാടില്ലെന്നുള്ളതാണ് എന്റെ ഈ ഭേദഗതിയുടെ ഉദ്ദേശം. ഒരു ദേവസ്വംബോർഡുണ്ടാക്കി, അതിലേക്കു നല്ല ആളുകളെ, നല്ല മാന്യന്മാരാണെന്നു ഇപ്പോഴത്തെ മന്ത്രിസഭയ്ക്കുതോന്നിയ രണ്ടുപേരെ നിയമിക്കുകയുംചെയ്തു. എന്നിട്ടുണ്ടായ കാര്യങ്ങൾ എന്തെല്ലാമാണെന്നു നമുക്കൊക്കെയറിയാം. ഇപ്പോൾ അന്വേഷണത്തിനുണ്ടാക്കിയ ബോർഡു മന്ത്രിസഭയ്ക്കു വേണ്ടെന്നുപറയുന്നു. ജനങ്ങൾക്കുവേണമെന്നും പറയുന്നു. അതിനിടയാക്കിയ പരിതസ്ഥിതികളേയും സാഹചര്യങ്ങളേയും പറഞ്ഞു ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. മന്ത്രിസഭയുടെ ഇഷ്ടപ്രകാരം വേറൊരു ബോർഡുണ്ടാക്കി. കൊള്ളരുതാത്ത രണ്ടോ മൂന്നോ അംഗങ്ങളെ അതിലേക്കു നിയമിച്ചു എന്നും ഇരിക്കട്ടെ. അവരെ മാറ്റാൻ "who is entitled to attend or is in the habit af attending the performance of worship. അങ്ങനെപോകുന്ന എതു മനുഷ്യനും ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം അധികാരമുണ്ട്.

ഈ അവകാശം സിദ്ധിക്കുന്ന ആൾ അതിൽ വിശ്വാസമുള്ള ഒരു ഹിന്ദുവായിരിക്കണം, അതായതു് ഒരു 'genuine Hindu' ആയിരിക്കണം. അതാണ് ഒരുവൻ 'owes allegiance to Hindu religion' ആയിരുന്നാൽ മാത്രമേ, ദേവസ്വത്തിന്റെ നന്മയെയാണ് ഈ ബില്ലുകൊണ്ട് വിവക്ഷിക്കുന്നതെങ്കിൽ, ഈ അവകാശം സിദ്ധിക്കുകയുള്ളൂ; എന്നുകൂടി വേണം. ഇപ്പോഴത്തെ ഈ രൂപനുസരിച്ച് ബോർഡിനെ മാറ്റണമെന്ന് എതെങ്കിലും ഒരു അഹിന്ദുവിനു് തോന്നിയാൽ അയാൾ ഹിന്ദുമതം സ്വീകരിച്ച് അയാൾക്ക് ബോർഡിന്റെ പേരിൽ കേസ്കൊടുത്ത് അവരെ മാറ്റാവുന്നതാണ്. ഇപ്പോഴത്തെ പരിതസ്ഥിതിയനുസരിച്ച് അതിനു ധാരാളം അവസരവും ഉണ്ടാകുന്നതാണ്. ഇപ്പോൾ ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Nilakanta Pillai]

കൺവെർഷൻ നടക്കുന്നുണ്ട്. അതിന്റെ കൂടെ ബോർഡംഗങ്ങളെ മാറ്റാൻവേണ്ടിയെങ്കിലും ഒന്നു കൺവെർട്ട് ചെയ്തു് ബോർഡംഗങ്ങളുടെപേരിൽ കേസുകൊടുത്തു് അവരെ മാറ്റാവുന്നതാണു്. രണ്ടാമതു് 'entitled' എന്നുള്ളതു് മാറ്റി 'owes allegiance' എന്നു ചേർക്കണമെന്നാണു്. ക്ഷേത്രത്തിൽ പോയി ഭജിക്കാനവകാശമുണ്ടെന്നുപറയുന്നതു് ഒരു മീയർറൈറ് മാത്രമാണു്. അങ്ങനെ ഒരു മീയർറൈറ് ഉള്ള ആൾക്കുമാത്രം അങ്ങനെ ഇതിനുള്ള അധികാരം കൊടുക്കാൻപാടില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഹിന്ദുക്കളിൽ തന്നെ ഹിന്ദുമതവിശ്വാസമുള്ള ഹിന്ദുക്കളും വെറും അവകാശംമാത്രം പറയുന്ന ഹിന്ദുക്കളും ഉണ്ടു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു് അങ്ങനെ റൈറ് ഉണ്ടായിരുന്നാൽമാത്രം പോരാ, അതിൽ വിശ്വാസവും ഉള്ള ആളായിരിക്കണം എന്നു്. അല്ലെങ്കിൽ ഒരു പക്ഷെ ബോർഡംഗങ്ങൾക്കു് കുറെക്കൂടി ഇരിക്കണമെന്നതോന്നിയാൽ പോലും അവക്കു് തോന്നിയ ശരാളെക്കൊണ്ടു് കൺവെർട്ട് ചെയ്യിച്ചിട്ടു് അയാളെക്കൊണ്ടു കേസു കൊടുപ്പിക്കും. അങ്ങനെയാണെങ്കിൽ കേസു തീരുന്നതുവരെയെങ്കിലും ബോർഡംഗമായിട്ടു് തുടരാമല്ലോ. അതുകൊണ്ടു് 'entitled' എന്നുള്ളതു് മാറ്റി 'owes allegiance' എന്നു ചേർത്താൽമാത്രമേ നാം ഉദ്ദേശിച്ചതു് ഫലപ്രദമായി ചെയ്യാൻ സാധിക്കുകയുള്ളൂ.

Sahib Bahadur A. Abdul Razaak: The Hon'ble Member do well to commend to the Chief Minister the definition of a Hindu outlined by Dr. Savarkar ?

Sri. K. P. Nilakanta Pillai: Any way, that is not for my benefit nor for the benefit of the House. Some other occasion may be utilised for that.

ശ്രീ. സി. വി. ഇയ്യു: സർ, ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ എതിർക്കാതെയാതൊരു നിവൃത്തിയുമില്ല. ഒരു സംകുചിതമനോഭാവത്തോടുകൂടിയാണു് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. മഹാത്മാഗാന്ധിയുടെ മകൻ ഹീരലാൽഗാന്ധി അബ്ദുള്ള ഗാന്ധിയായി പിന്നെ തിരിയെ ഹീരലാൽഗാന്ധിയായി. അങ്ങനെ വരുകയാണെങ്കിൽ അതുപോലെയുള്ള ഒരാൾക്കു് ഈ അവകാശം നിഷേധിക്കുന്നതു് ശരിയായിരിക്കുകയില്ല. മതപരിവർത്തനം നടത്തുന്നതുതന്നെ മതത്തിൽ വിശ്വാസമുണ്ടായിട്ടാണു്. അതുകൊണ്ടു് മി. മന്നത്തു പത്മനാഭൻ മാസത്തിൽ ൧,൪൦൦ പേരെ വീതം ഹിന്ദുക്കളാക്കുന്നുണ്ടു്. അങ്ങനെ ഹിന്ദുമതത്തിൽ വിശ്വസിച്ചു് ഹിന്ദുമതപരിവർത്തനം നടത്തുന്നവർക്കു് ഒരു പ്രതിബന്ധമായിരിക്കും; "ഹിന്ദുവായി ജനിച്ചുപോയി" എന്നുള്ള ഭേദഗതി സ്വീകരിച്ചാൽ. അതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ രണ്ടാം നമ്പർ ഭേദഗതിയെ എതിർക്കുന്നു. അതു രണ്ടു കാരണങ്ങളാലാണു്. അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഹിന്ദുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നവർ ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണു്. ഹിന്ദുസമുദായത്തിൽ മതപരിവർത്തനം ഉണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങനെ ചെയ്യുന്നവക്കു് ഒരു ഡിസെബിലിറ്റി ഉദ്ദേശിക്കുന്നില്ലാത്തതുകൊണ്ടും ഈ ഡെഫനിഷൻ ഈ രീതിയിൽ ഉണ്ടാക്കാൻ ഗവമെന്റു് നിർബന്ധിതമായതുകൊണ്ടുമാണു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നതു്. മതപരിവർത്തനം ചെയ്യുന്നവർ ഹിന്ദുമതത്തിലെ ആരാധനാക്രമങ്ങളിൽ വിശ്വാസം ഉള്ളവരായിരിക്കാൻ ഇടയില്ലെന്നുള്ളതു് യുക്തിക്കു ചേർന്നതാണെന്നു തോന്നുന്നില്ല. വിശ്വാസം ഉള്ളവരാണു് മതപരിവർത്തനത്തിനു മുന്നോട്ടുവരുന്നതു്. അതുകൊണ്ടു് ആ വാദം സ്വീകാര്യമല്ല. ഗവമെന്റു് ഈ ബിൽ ഹാജരാക്കിയപ്പോൾ ഉദ്ദേശിച്ചതു്, ആരായിരുന്നാലും ശരി, അയാൾ ഹിന്ദു ആയിരുന്നാൽമാത്രംമതി എന്നാണു്. എന്നാൽ ഭേദഗതികൊണ്ടു് രണ്ടുതരത്തിലുള്ള ഹിന്ദുക്കളെ സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതു്, 'Person Interested' ഒരു പക്ഷെ ഇൻകേപ്പബിൾ ആയിരിക്കാൻ സംഗതിയുണ്ടെന്നാണു്. പരിവർത്തനം ചെയ്യുന്നവരും അതിനുമുമ്പുണ്ടായിരുന്നവരും "ഇൻഫാവർ ഓഫ് റൈറ്റഡു് ആയിരിക്കും." അതുകൊണ്ടു് ഈ വാദം സ്വീകാര്യമല്ല. അതുപോലെതന്നെ "or" എന്നുള്ളതു മാറ്റി 'and' എന്നു ചേർക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ ഈ രണ്ടുപാധികളും സ്വീകരിച്ചാലെ മാറാവൂ എന്നുവരുന്നു. ഗവമെന്റു കുറെക്കൂടി വിശാലമായ അന്തരീക്ഷത്തിൽ ഏതെങ്കിലും ഒരുപാധി ഉണ്ടായിരുന്നാൽ മാറാമെന്നു പറഞ്ഞിരിക്കുന്നു. ഈ കാരണങ്ങൾകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

Amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. K. Patchu Pillai: I move:

In clause 2 sub-clause (*d*) substitute the definition in (1) of "person interested" by the following:

"Person interested" means (1) every Hindu who declare himself as a believer in temples worship and is entitled to attend at or is in the habit of attending the performance of worship or service in the temple or who is entitled to partake or is in the habit of partaking in the benefit of the distribution of gifts thereat".

ഇതിനു് മുമ്പിലത്തെ ഭേദഗതി ഹാജരാക്കിക്കൊണ്ടു് ശ്രീ. കെ. പി. നിലകണ്ഠപ്പിള്ള പറഞ്ഞതു് ഒരു അവകാശമെന്ന നിലയിൽ ക്ഷേത്രസന്ദർശനം നടത്തുന്ന ആളുകളും ക്ഷേത്രത്തിലെ പ്രസാദം മുതലായവ ലഭിക്കുന്നതിനു് അർഹതയുള്ള, അല്ലെങ്കിൽ ക്ഷേത്രസന്ദർശനം മുറക്കു നടത്തിക്കൊണ്ടിരിക്കുന്ന ആളുകളും "ഇൻറെറസ്റ്റെഡ്" എന്നുള്ള നിർവ്വചനത്തിൽ വരുമെന്നാണു്. "ബാൺ ഹിന്ദു" ആയിരുന്നാലും പോരാ ആരാധനയിൽ വിശ്വാസമുള്ളവനും കൂടി ആയിരിക്കണം, ആ ഹിന്ദു എന്നാണു്. ഒരടികൂടി മുന്നോട്ടുപോയി ഞാൻ പറയുന്നതു്, ക്ഷേത്രപ്രവേശനത്തിനുള്ള അവകാശം മാത്രംപോരാ, ക്ഷേത്രസന്ദർശനം മുറയ്ക്കു് നടത്തിക്കൊണ്ടിരുന്നാലും പോരാ, വിശ്വാസംകൂടി ഉണ്ടായിരിക്കണമെന്നാണു" എന്റെ ഭേദഗതികൊണ്ടു് നിർവ്വചനം കൊടുത്തിരിക്കുന്നതു്.

DISCUSSION UNDER RULE 26

Re. import of copra and oil from Ceylon

Mr. Speaker: Order, order. There is to be a discussion under Rule 26 according to the notice given by Sri. M. I. Paul on a matter of public importance which arose out of the answer to starred question No. 46 of the 21st March 1950 re.i mport of copra and oil from Ceylon. Mr. Paul.

Sri. M. I. Paul: If the Speaker will give me time to make this motion on a later date, I have no objection.

Mr. Speaker: Does the Hon'ble Member wish to move it now or on a later date?

Sri. M. I. Paul: I leave it to you, Sir.

Mr. Speaker: If the member wants to move it on a later date, the same motion may be sent up on a fresh notice.

Sri. M. I. Paul: Then I shall move it now.

സർ, മാർച്ചു് ൨൧-ാംതീയതിയിലെ ൪൬-ാം നമ്പർ ചോദ്യത്തെ ആശ്രയിച്ചുള്ള ഒരു വിഷയമാണിതു്. സിലോൺ കൊപ്രായും വെളിച്ചെണ്ണയും ഇൻഡ്യയിലേക്കു് ഇറക്കാൻ പോകുന്ന വിവരം കേരകർഷകർക്കു് മനസ്സിലായ അവസരത്തിൽ അവരുടെ പരാതികൾ ഗവൺമെണ്ടിന്റെ അടുക്കൽ ഒരു മെമ്മോറാണ്ടമായി സമർപ്പിക്കുകയുണ്ടായി. അതേ അവസരത്തിൽത്തന്നെ ശ്രീ. ഉദയഭാനു നവംബർ ൨൯-ാംതീയതിയിലെ ഒരടിയന്തിരപ്രമേയം ഇതുസംബന്ധിച്ചു് ഈ സഭയിൽ അവതരിപ്പിക്കുകയും ഉണ്ടായി. അദ്ദേഹം കേരകർഷകർക്കുണ്ടായിട്ടുള്ള പരാതികളേയും ആക്ഷേപങ്ങളേയും ക്രോഡീകരിച്ചു പലതും പ്രതിപാദിക്കയുണ്ടായി. ഗവൺമെണ്ടു് അതിനുത്തരമായി പല ആശ്വാസങ്ങളും കേരകർഷകർക്കു് കൊടുക്കത്തക്കതരത്തിലുള്ള മെമോടികൾ പറഞ്ഞതല്ലാതെ സിലോൺ ഗവൺമെണ്ടും ഇൻഡ്യാ ഗവൺമെണ്ടുമായി ഉടമ്പടികളിലൊന്നും ഏർപ്പെട്ടിട്ടില്ലെന്നും അതു് ആലോചനയിൽ ഇരിക്കുകയാണെന്നും അതുസംബന്ധിച്ചു് ഒരു മെമ്മോറാണ്ടം നമ്മുടെ ഗവൺമെണ്ടു് ഇൻഡ്യാഗവൺമെണ്ടിനു് സമർപ്പിക്കുവാൻ പോകുന്നുവെന്നും ഈ സഭയെ ധരിപ്പിക്കുകയും ചെയ്തു. ഇതിനിടയ്ക്കു് ശ്രീ. ഇയ്യു അടയ്ക്കായും സിലോണിൽനിന്നും ഇൻഡ്യയിലേക്കു കടത്താൻ പോകുന്നോ എന്നു ചോദിച്ചതിനു് അതിനും വേണ്ട പരിഹാരം ചെയ്യുന്നുണ്ടെന്നു പറയുകയുണ്ടായി. എന്നാൽ ഈ മെമോടി ഗവൺമെണ്ടിൽനിന്നും കിട്ടിയ അവസരത്തിൽ കേരകർഷകർക്കും ഈ സഭയിലെ അംഗങ്ങൾക്കും വളരെ ആശ്വാസം തോന്നിയെങ്കിലും ഒക്ടോബർ ൨൫-ാംതീയതി ഇരു ഗവൺമെണ്ടുകളും തമ്മിൽ എഗ്രിമെൻറു് നടന്നിരുന്നുവെന്നുള്ള സംഗതി നമ്മുടെ ഗവൺമെണ്ടു് അറിഞ്ഞിരുന്നില്ലെന്നുള്ളതു് വ്യസനസമേതം ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. ആ എഗ്രിമെൻറിൽ ൨,൦൦൦ ടൺ കൊപ്രായും, ൪,൫൦൦ ടൺ അടയ്ക്കായും ഇൻഡ്യയിലേയ്ക്കു് ഇറക്കാമെന്നു ഉല്ലേശിച്ചിട്ടുണ്ടു്. കൂടാതെ ആ എഗ്രിമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly